# ക്രൈസ്തവ

# വനിത

**March - April 2014**






A fundamental Christian bi-monthly publication of the women, by the women, for the women

**CHRISTIAN**
***WOMAN***

Telephone 0471-244-8079
E-mail: jamesmundakayam@gnmindia.org
Mob: 9496261095

**Editorial Board**

Chief Editor
**Mrs. Annamma C. John**

Associate Editor
**Mrs. Mary Anchan**

Sub Editors
**Mrs. Sherine Kingston**
**Mrs. Sobha Selin**

*For private circulation only*

# ക്രൈസ്തവ
# വനിത

Vol. VII **March - April 2014** No. 2

## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 1 |
| ലോകത്തിലെ ഒന്നാമത്തെ സ്ത്രീ | 3 |
| മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം | 5 |
| വഴിവിട്ട ദീന | 6 |
| സാത്താന്റെ തന്ത്രങ്ങൾ | 8 |
| ചെഷയർ ഹോംസ് | 9 |
| വേദപുസ്തക വനിതകൾ | 10 |
| ഞാൻ ഇനിയും സഭയിൽ വരുന്നില്ല | 12 |
| നാലു ചിത്രശലഭങ്ങൾ | 13 |
| തിരുവിതാംകൂറിലെ ജാതിവ്യവസ്ഥ | 15 |
| വാർദ്ധക്യത്തിൽ എത്തിയവർ | 16 |
| Quest 35 | 19 |
| Quest 34 ന്റെ ഉത്തരങ്ങൾ | 20 |

വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:
**ഷെറിൻ കിംഗ്സ്റ്റൺ**
ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം - 695 031

F Untämdnb Â



# ഹൃദയം നഷ്ടപ്പെടുത്തിയ ദമ്പതികൾ



സമ്പത്തും പ്രശസ്തിയും മാത്രം മുമ്പിൽകണ്ട് ന്യായരഹിതമായ വഴികളിലൂടെ ലക്ഷ്യത്തിലെത്തിച്ചേരാൻ കണക്കുകൂട്ടലുകൾ നടത്തി പരാജയപ്പെട്ട വമ്പന്മാരെപ്പറ്റി ചരിത്രവും, സാഹിത്യവും കലകളുമെല്ലാം പ്രതിപാദിക്കുന്നുണ്ട്. ഉദ്ദേശ്യശുദ്ധിയില്ലാത്ത ലക്ഷ്യങ്ങൾ ഇന്നല്ലെങ്കിൽ നാളെ വെളിച്ചത്തു വരും. അതിനൊരുദാഹരണമാണ് അപ്പൊസ്തല പ്രവൃത്തികൾ അഞ്ചാം അദ്ധ്യായത്തിൽ ഒന്നുമുതൽ പതിനൊന്നു വരെയുള്ള ഭാഗത്ത് കാണുന്ന അനന്യാസ് സഫീര ദമ്പതികളുടെ ദാരുണ കഥ. സത്യത്തിൽ ഇതു ഹൃദയം നഷ്ടപ്പെടുത്തിയ ദമ്പതികളുടെ കഥയാണ് (വായിക്കുക, അപ്പൊ.പ്രവൃത്തികൾ 5:3)

പേരിനും പ്രശസ്തിക്കും വേണ്ടി സമ്പത്തിലൊരംശവുമായി ഇറങ്ങിപ്പുറപ്പെട്ട ഈ ദമ്പതികളുടെ കപട നാടകത്തിനു തിരശ്ശീല വീണത് സ്വന്തം ജീവിതവും ജീവനും അസ്തമിച്ചപ്പോഴായിരുന്നു. ഈ നാടകം ആരംഭിച്ചത് അവരായിരുന്നുവെങ്കിൽ അതവസാനിപ്പിച്ചത് പരിശുദ്ധാത്മാവായിരുന്നു.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ തൊഴിൽ നഷ്ടപ്പെട്ട് ഉപജീവനം ചോദ്യചിഹ്നമായവർ ധാരാളം ക്രൈസ്തവസഭയുടെ ആദ്യകാലയളവുകളിൽ (അനന്യാസ് സഫീര ദമ്പതികളുടെ കാലഘട്ടത്തിൽ) ഉണ്ടായിരുന്നുവെന്ന് ചരിത്രം പറയുന്നു. എന്നാൽ എല്ലാ വിശ്വാസികളുടെയും ജീവിതം മുമ്പോട്ടു കൊണ്ടുപോകുവാൻ സഹായകരമായ ഒരു ഉജ്ജ്വല സാമ്പത്തിക സഹായപദ്ധതി അവർക്കുണ്ടായിരുന്നു. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുവാൻ അവർക്കു കഴിഞ്ഞിരുന്നു. വിശ്വാസികൾ അവരുടെ നിലങ്ങളും വീടുകളുമെല്ലാം വിറ്റു വിലകൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാല്ക്കൽ വയ്ക്കുകയും പിന്നെ ഓരോരുത്തനു അവനവന്റെ ആവശ്യം പോലെ വിഭാഗിച്ചു കൊടുക്കുകയും ചെയ്യുന്ന ഒരു സംവിധാനമായിരുന്നു അത്. സകലവും അവർ പൊതുവക എന്നെണ്ണി. തനിക്കുള്ളത് സ്വന്തം എന്ന് ആരും പറഞ്ഞിരുന്നില്ല. സാമ്പത്തിക പരാധീനതയുള്ളവരായി അവരിൽ ആരും ഉണ്ടായിരുന്നില്ല. (വായിക്കുക. അപ്പൊ.പ്രവൃത്തികൾ 2:44-45, 4:32,34,35) വിശ്വാസികൾ ഇങ്ങനെ ചെയ്യുന്നതിന് പ്രത്യേക സമ്മർദ്ദമോ, നിയമമോ ഒന്നും ഉണ്ടായിരുന്നില്ല. ഇതു തികച്ചും ദൈവത്തോടുള്ള സ്നേഹത്തിന്റെ പേരിൽ ചെയ്യുന്ന വ്യക്തിപരമായ പ്രവൃത്തിയായിരുന്നു.

ബർന്നബാസ് എന്ന വ്യക്തി തനിക്കുണ്ടായിരുന്ന നിലം വിറ്റു പണം കൊണ്ടുവന്ന് അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചതായി അപ്പൊസ്തല പ്രവൃത്തികൾ നാലാം അദ്ധ്യായത്തിലെ ഒടുവിലത്തെ വാക്യങ്ങളിൽ കാണുന്നു. തെറ്റായ കണക്കു കൂട്ടലുകളൊന്നുമില്ലാതെ, ഉദ്ദേശ്യ ശുദ്ധിയോടെ കർത്താവിന്റെ മഹത്ത്വത്തിനുവേണ്ടി മാത്രം ചെയ്ത ഈ സൽപ്രവൃത്തിയിൽ ആദിമ ക്രൈസ്തവ വിശ്വാസികൾ അത്യധികം സന്തോഷിക്കുകയും ബർന്നബാസിനെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ടാകാം. നിലം വിറ്റുകിട്ടിയ പണം മുഴുവൻ അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചത് അസാധാരണമായ ത്യാഗപ്രവൃത്തിയല്ലാതിരുന്നിട്ടും അദ്ദേഹത്തിനു വലിയ പ്രശസ്തി ലഭിച്ചു. അതു ദൈവത്താൽ അനുവദിക്കപ്പെട്ട പ്രശസ്തിയായിരുന്നു; മാത്രമല്ല അദ്ദേഹം അതിനർഹനുമായിരുന്നു.

ബർന്നബാസിനു ലഭിച്ചതു പോലെയുള്ള ഒരു പ്രശസ്തി അനന്യാസ് സഫീര ദമ്പതികൾ സ്വപ്നം കണ്ടു തുടങ്ങി. ചക്രവാളത്തോളം അവർ സ്വപ്നം നെയ്തു. ഒടുവിൽ അതെല്ലാം ഭൂമിയിൽ അവസാനിച്ചു. അനന്യാസ് എന്ന പേരിനർത്ഥം 'യഹോവ സംരക്ഷിക്കുന്നു' എന്നാണ്. ഇതു യെഹൂദന്മാരുടെയിടയിലുള്ള ഒരു സാധാരണ പേരായിരുന്നു. ഹനന്യാവ് എന്ന പേരിനു, തത്തുല്യമാണിത്. അതിനർത്ഥം 'ദൈവം കൃപാലുവെന്നോ, ദൈവത്തിന്റെ കൃപ'യെന്നോ,'ദൈവം കൃപയുള്ളവനെന്നോ' ഒക്കെയാണ്. അർഹതയില്ലാത്ത ദാനമാണ് കൃപയെങ്കിൽ അനന്യാസിനത് ദൈവത്തിൽ നിന്നു ലഭിച്ചിരുന്നു. സുന്ദരിയായ ഭാര്യ സഫീര ദൈവത്തിന്റെ കൃപയായിരുന്നു. എന്നാൽ മനുഷ്യരിൽ നിന്നും അർഹതയില്ലാത്തത് വെട്ടിപ്പിടിക്കുവാൻ അനന്യാസ് കാണിച്ച അത്യുത്സാഹം അപകടത്തിൽ കൊണ്ടെത്തിച്ചു. 'സഫീര' എന്ന വാക്കിനർത്ഥം സുന്ദരിയെന്നാണ്. എന്നാൽ അവളുടെ ചിന്തകൾക്ക് സൗന്ദര്യമില്ലാതിരുന്നതിനാൽ അവളും അകാലമൃത്യു വരിച്ചു.

എന്താണ് അനന്യാസ് സഫീര ദമ്പതികളുടെ പതനത്തിന്റെ കാരണങ്ങൾ?

അവരുടെ കഥയ്ക്ക് ഇന്നുള്ള പ്രസക്തിയെന്താണ്?

**ഒന്ന്,** ത്യാഗം ചെയ്യാതെ തന്നെ ത്യാഗം ചെയ്ത് ദൈവത്തെ സ്നേഹിച്ചവർക്കു ലഭിക്കുന്ന അംഗീകാരം കൗശലത്തിൽ നേടിയെടുക്കുവാനുമുള്ള ശ്രമമായിരുന്നു അവരുടേത്. നിലം വിറ്റുകിട്ടിയ പണത്തിന്റെ ഒരംശം മാത്രം അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ച് ക്രിസ്തുവിനുവേണ്ടി സമ്പത്തെല്ലാം വെടിഞ്ഞവനെപ്പോലെ അഭിനയിക്കുകയായിരുന്നു അവർ. കുറുക്കുവഴിയിലൂടെ, യോഗ്യതയില്ലാതെ നേട്ടങ്ങൾ കൊയ്യുവാൻ ശ്രമിക്കുന്നവരുടെ പ്രതിനിധികളാണ് അനന്യാസും സഫീരയും. ബർന്നബാസിന്റെ ത്യാഗം തങ്ങളുടെ പ്രവൃത്തിയിലില്ലെന്നു തുറന്നു പറഞ്ഞു കൊണ്ട് അവർക്ക് നിലം വിറ്റുകിട്ടിയ പണത്തിലൊരംശം നല്കാമായിരുന്നു. അങ്ങനെയായിരുന്നുവെങ്കിൽ കനത്ത നഷ്ടം ഒഴിവാക്കാമായിരുന്നു.

**രണ്ട്,** യഥാർത്ഥ ഭക്തി ഇല്ലാതിരിക്കെ കപടഭക്തിയിലൂടെ യഥാർത്ഥ ഭക്തിയുടെ പ്രതിഛായ സൃഷ്ടിക്കാനുള്ള ശ്രമമായിരുന്നു അവർ നടത്തിയത്. സ്വാഭാവികമായി ഇല്ലാത്ത ഒന്നിനെ ഉണ്ടെന്നു തോന്നിപ്പിക്കുന്ന വിധത്തിൽ ജനമനസ്സുകളെ സ്വാധീനിക്കുന്ന പ്രവൃത്തികൾ അപലനീയമാണ്. അവർക്കു സമ്പൂർണ്ണ ത്യാഗത്തിനുള്ള മനസ്സില്ലായിരുന്നു. അതിനാൽ അപ്പൊസ്തലന്മാരുടെയും വിശ്വാസികളുടേയും ഹൃദയങ്ങളിൽ തങ്ങൾ സമ്പൂർണ്ണത്യാഗികളാണെന്ന പ്രതിച്ഛായ സൃഷ്ടിക്കുവാൻ അവർ നടത്തിയ ദുഷ്പ്രവൃത്തിയും നിലം പൊത്തി. ജീവിതത്തിലില്ലാത്ത ആത്മീയ മൂല്യങ്ങൾ തങ്ങൾക്കുണ്ടെന്ന് മറ്റുള്ളവരിൽ തോന്നിപ്പിക്കുവാൻ ബഹുഭൂരിപക്ഷം വിശ്വാസികളും പരസ്പരം മത്സരിക്കുന്ന കാഴ്ച ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. സമാധാനവും സന്തോഷവും ഇല്ലെങ്കിലും അതുണ്ടെന്ന് അഭിനയിക്കും; അനീതി കാണിച്ചിട്ട് നീതിമാന്റെ മുഖം മൂടിയണിയും. ഉള്ളിൽ ജീവിതം മടുത്ത് മരവിച്ചിരുന്നാലും മുഖത്ത് അസാധാരണമായ പ്രത്യാശയുടെ പൊൻകിരണങ്ങൾ മിന്നിമറയും; മറ്റുള്ളവരെ മറിച്ചിടാൻ കരുനീക്കങ്ങൾ നടത്തിയിട്ട് ഭക്തിയുടെ വേഷം കെട്ടും. അകവും പുറവും തമ്മിലുള്ള വ്യത്യാസം ആഗോള വ്യാപകമായ ആത്മീയ പ്രശ്നമാണ്.

**മൂന്ന്,** ഭാര്യയുടെ അറിവോടെയാണ് അനന്യാസ് നിലം വിറ്റുകിട്ടിയ വിലയിൽ കുറെ എടുത്തു മാറ്റിയത്. ഭർത്താവും ഭാര്യയും തമ്മിലുള്ള ഐക്യം ആത്മീയമായ അനിവാര്യതയാണ്. എന്നാൽ അനിവാര്യമായ ഈ ഐക്യം എന്നേക്കും നിലനില്ക്കണമെങ്കിൽ ലക്ഷ്യങ്ങൾ ഉദാത്തവും സംശുദ്ധവുമായിരിക്കണം. ദൈവം അവർക്കു നല്കിയ വലിയൊരു ഭാഗ്യമായിരുന്നു ദാമ്പത്യ ജീവിതത്തിൽ അവരുടെ ഐക്യം. എന്നാൽ ഈ ഐക്യം തന്നെ അവർക്കു ഏറ്റവും വലിയ ദൗർഭാഗ്യവുമായിത്തീർന്നു. ശരിയാണെങ്കിലും തെറ്റാണെങ്കിലും ടീമായി നിന്നു ഒരു കാര്യം ചെയ്യാൻ ഐക്യം വേണം. ഈ ഐക്യം ശരിയായ കാര്യങ്ങൾക്കായിരുന്നുവെങ്കിൽ അവർക്കു സമൂഹത്തിൽ അത്ഭുതാവഹമായ സ്വാധീനം ചെലുത്തുവാൻ കഴിയുമായിരുന്നു. മഹത്തായ കാര്യങ്ങൾക്കായി മാത്രം ക്രിസ്തീയ ദമ്പതികൾ അവരുടെ ഐക്യം ഉപയോഗിക്കണം. അതിനായി പരസ്പരം പ്രചോദിപ്പിക്കണം

നാല്, മനുഷ്യരോട് നാം ചെയ്യുന്ന പാപം അടിസ്ഥാനപരമായി ദൈവത്തോടുള്ള പാപമാണ്. മനുഷ്യരോടല്ല ദൈവത്തോടത്രേ നീ വ്യാജം കാണിച്ചതു എന്ന പത്രൊസിന്റെ പ്രസ്താവന അതിനുദാഹരണമാണ്.

വളരെ പ്രധാനപ്പെട്ട കാരണമാണ് അഞ്ചാമത്തേത്, അനന്യാസ് സഫീര ദമ്പതികളുടെ പതനത്തിനു മുഖ്യ കാരണം സാത്താൻ അവരുടെ ഹൃദയം കൈവശമാക്കിയതാണ്. (വായിക്കുക. അപ്പൊ.പ്രവൃത്തികൾ 5:3) ദൈവത്തിനു നിയന്ത്രണം വേണ്ട ഹൃദയങ്ങൾ സാത്താന്റെ നിയന്ത്രണത്തിലായി. അവരുടെ ഹൃദയങ്ങൾ അവർ തന്നെ നഷ്ടപ്പെടുത്തി. നാം അനുവദിച്ചാൽ മാത്രമേ നമ്മുടെ ഹൃദയങ്ങൾ നഷ്ടപ്പെടുകയുള്ളൂ. ഹൃദയത്തിന്റെ നിയന്ത്രണം ദൈവത്തിനു മാത്രമായി നാം അനുവദിച്ചുകൊടുക്കണം. സമ്മർദ്ദങ്ങളുടെ തിരമാലകളും, മോഹങ്ങളുടെ പെരുമഴയും നമ്മുടെ ഹൃദയത്തിന്റെ അകക്കാമ്പിൽ കൗതുകം സൃഷ്ടിക്കരുത്. അത്തരമൊരു കൗതുകം അനന്യാസ് സഫീര ദമ്പതികളുടെ ജീവിതത്തിന്റെ ഒടുവിലത്തെ അദ്ധ്യായവും എഴുതിച്ചേർത്തു. ഹൃദയം നഷ്ടപ്പെടുത്തിയപ്പോൾ ജീവിതവും, ജീവനും ഒരുപോലെ നഷ്ടമായ ഈ ദമ്പതികൾ എക്കാലവും നമുക്കൊരു മുന്നറിയിപ്പാണ്.

**ജയിംസ് മുണ്ടക്കയം**

ക്രൈസ്തവ വനിത ഈ ലക്കം മുതൽ അതിന്റെ കെട്ടിലും മട്ടിലും മാറുകയാണ്. മാറുന്ന ലോകത്തിനു സ്വീകാര്യമായ വിധത്തിൽ മാറാത്ത വചനവും അതിന്റെ കാഴ്ചപ്പാടുകളും അനുവാചകരിൽ എത്തിക്കാനുള്ള ഞങ്ങളുടെ എളിയ ശ്രമത്തെ നിങ്ങൾ പിന്തുണയ്ക്കുമെന്നും ഈ മാറ്റം ഹൃദയംഗമമായി സ്വാഗതം ചെയ്യുമെന്നും ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

**അന്നമ്മ സി. ജോൺ**
ചീഫ് എഡിറ്റർ

# ലോകത്തിലെ ഒന്നാമത്തെ സ്ത്രീ

മേരി അഞ്ചൻ, തുംകൂർ

ഹവ്വായുടെ ജീവചരിത്രം ഗഹനമായ ഒരു പഠനവിഷയമാണെങ്കിലും, ചുരുക്കം ചില കാര്യങ്ങൾ മാത്രം നമുക്കു ചിന്തിക്കാം.

ജീവനുള്ളവർക്കെല്ലാം മാതാവായ ഹവ്വാ ഒരു ശിശുവായി ജനിച്ചില്ല. വളർച്ചയും സൗന്ദര്യവും ആരോഗ്യവും തികഞ്ഞ പരിപൂർണ വ്യക്തിത്വത്തിലാണു ഹവ്വായെ നാം കാണുന്നത്. 'ഹവ്വാ' എന്ന പദത്തിനു 'ജീവൻ' എന്നാണർത്ഥം. യഹോവയായ ദൈവം സ്വന്തം കൈകൊണ്ടു ഹവ്വായെ നിർമ്മിച്ചു. സകല ചരാചരങ്ങളെയും സൃഷ്ടിച്ചശേഷമാണു മനുഷ്യനെ ഉണ്ടാക്കിയത്. സൃഷ്ടിക്കപ്പെട്ട യാതൊന്നിനും തന്നെ മനുഷ്യനു തക്ക തുണയായിരിപ്പാനുള്ള യോഗ്യത ഉണ്ടായിരുന്നില്ല. ദൈവസാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ട മനുഷ്യനെ സ്നേഹിപ്പാനും കരുതാനും അവന്റെ ജീവിത പങ്കാളിയായിരിപ്പാനും അതേ സാദൃശ്യത്തിലുള്ള ഒരു വ്യക്തിക്കു മാത്രമേ കഴിയൂ. സമ്പൽസമൃദ്ധവും, ഫലഭൂയിഷ്ഠവുമായിരുന്ന ഏദൻ തോട്ടത്തിലാണു മനുഷ്യനെയും അവന്റെ തുണയായ സ്ത്രീയെയും ആക്കിയത്. അവർക്കു യാതൊന്നിനും കുറവില്ലായിരുന്നു. അഖിലാണ്ഡം മുഴുവനും അവരുടെ സ്വത്തായിരുന്നു. രോഗമോ, ദുഃഖമോ ആകുലചിന്തയോ ഒന്നും തന്നെ അവരെ അലട്ടിയില്ല. പറുദീസയിൽ സൗഭാഗ്യ സമ്പൂർണ്ണമായ അനുഭവമായിരുന്നു അവരുടേത്. സകലസമ്പത്തിന്റെയും ഉടമകളായി രുന്ന ആദാം എന്ന മനുഷ്യനും, ഹവ്വ എന്ന സ്ത്രീയും സ്രഷ്ടാവായ ദൈവത്തിന്റെ കൂട്ടായ്മയിൽ ജീവിച്ചു പോന്നു. ആ സ്വർഗീയ സന്തോഷം എത്രനാൾ നീണ്ടുനിന്നു എന്നു നമുക്ക് അറിഞ്ഞുകൂടാ.

എന്നാൽ ലോകചരിത്രം ആപാദചൂഡം പരിവർത്തനവിധേയമാക്കിയ ഒരു ദിവസം സമാഗതമായി. യഹോവ സൃഷ്ടിച്ച എല്ലാ കാട്ടുജന്തുക്കളെക്കാളും കൗശലമേറിയ പാമ്പിന്റെ രൂപത്തിൽ ഇതാ സാത്താൻ സ്ത്രീയെ സമീപിക്കുന്നു. തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നാണു ചോദ്യം. ഒരു അപരിചിതരൂപം പ്രശ്നവുമായി തന്റെ മുമ്പാകെയെത്തിയപ്പോൾ ഭർത്താവിനെ വിളിക്കേണ്ടതായിരുന്നു അവളുടെ കടമ. അനാവശ്യമായ ചർച്ചകൾക്ക് ആസ്പദം നല്കിയതു തന്നെ തെറ്റായിപ്പോയി. അതുവരെയും നിഷ്പാപാവസ്ഥയിൽ ജീവിച്ചിരുന്ന ഹവ്വാ ഒരു കള്ളം പറയുന്നു. 'വൃക്ഷത്തിന്റെ ഫലം തിന്നരുത്. തൊടുകയുമരുത്' എന്നു ദൈവം കല്പിച്ചിട്ടുണ്ട്, തൊടരുതെന്ന് ദൈവകല്പന ഉണ്ടായിരുന്നില്ല.

ഈ സ്ത്രീയെ വശത്താക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കിയ സാത്താൻ ഒരടവ് പ്രയോഗിക്കുന്നു. 'അതു നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും' അവൻ ഭോഷ്ക്ക് പറയുന്നവനും അതിന്റെ അപ്പനും' ആകുന്നു എന്നാണ് തിരുവചനം. ദൈവത്തെപ്പോലെ ആകുമെന്നു കേട്ടപ്പോൾ ഹവ്വായുടെ മനസ്സിൽ വിവിധ ചിന്തകൾ കടന്നുകൂടി. ദൈവം ചില അവകാശങ്ങൾ തങ്ങളിൽ നിന്നും പിടിച്ചു വച്ചിരിക്കുന്നു എന്ന വിചാരമുണ്ടാകുന്നു. ഈ ലോകത്തിൽ ഇത്ര ഉന്നത പദവിയിൽ താൻ ഇരിക്കുന്നതു ദൈവത്തിന്റെ വെറും കരുണയിലാണ് എന്നും താൻ അവന്റെ കൈവേലയാണെന്നും അവൾ മറന്നുപോയി. സൃഷ്ടിപ്പാനും നശിപ്പിക്കാനും അവനു കഴിവുണ്ടെന്ന് ഹവ്വാ ഓർത്തില്ല. ലോകത്തിൽ അധികാരത്തോടുള്ള മറുതലിപ്പ് ഇവിടെ ആരംഭിക്കുന്നു.

'എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്ക് മീതെ വയ്ക്കും.... ഞാൻ അത്യുന്നതനോടു സമനാകും' എന്നു ഹൃദയത്തിൽ പറഞ്ഞു, പാതളത്തിലേക്കു നാശകൂപത്തിന്റെ അടിയിലേക്കു തന്നെ- തള്ളപ്പെട്ട ആ 'അരുണോദയപുത്രൻ' ഹവ്വായുടെ മനസ്സിലും അന്തരാത്മാവിലും 'ദൈവത്തെപ്പോലെ' ആകുന്നതിന് ആഗ്രഹം ജനിപ്പിച്ചത് ആശ്ചര്യമല്ല! ഉത്പത്തി 3:6-ൽ സ്ത്രീക്കു പാപം ചെയ്യാൻ ഉത്തേജനം നല്കിയ ചില കാരണങ്ങൾ കാണുന്നു. 'ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു. ഭർത്താവിനും കൊടുത്തു'. യോഹന്നാൻ അപ്പൊസ്തലൻ ഒന്നാം ലേഖനം 2:16-ൽ എഴുതിയിരിക്കുന്ന ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം, എന്നിവയാണു ഹവ്വായെ പാപത്തിൽ വീഴ്ത്തിയത്.

ആഖാൻ 'കണ്ടു മോഹിച്ചു എടുത്തു'- പാപത്തിൽ വീണു. ഇന്നത്തെ ചില വിശ്വാസികൾ പോലും തങ്ങളുടെ വസ്ത്രധാരണം, ജീവിതരീതി മുതലായവയിൽ ഈ 'മോഹ'ങ്ങൾ പ്രദർശിപ്പിക്കുന്നതു സങ്കടകരം തന്നെ. ഹവ്വാ പാപം ചെയ്തു. അതു മറ്റുള്ളവർക്കും പാപകാരണമായി. മനുഷ്യനും സ്ത്രീയും ശാപഗ്രസ്തരായി തീർന്നു. ദൈവത്തിന്റെ തോട്ടത്തിൽ

നിന്നു പുറത്താക്കപ്പെട്ടു. യഹോവയ്ക്കു മനുഷ്യനിലുള്ള വിശ്വാസം ഇല്ലാതായി. ഏദൻതോട്ടം കാപ്പാൻ ദൈവം കെരൂബുകളെ വാളിന്റെ ജ്വാലയുമായി നിർത്തി. സ്രഷ്ടാവിനു സൃഷ്ടികൾ പ്രശ്നമായിത്തീരുന്നു.

ഏദൻ തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ട ഹവ്വാ അനുഭവിച്ച ദുരിതങ്ങളും വേദനകളും അവാച്യമാണ്. അസഹനീയമായ വേദനയനുഭവിച്ച് അവൾ മക്കളെ പ്രസവിച്ചു. മൂത്തമകനായ കയീനും, രണ്ടാമത്തെ മകനായ ഹാബേലും ഒരേ ദിവസം നഷ്ടപ്പെട്ടു എന്നു പറയാം. ഹവ്വാ മക്കളില്ലാത്തവളായിതീർന്നു. ഹാബേലിനെ കയീൻ കൊന്നു കയീൻ ദേശം വിട്ടുപോയി. എന്നാൽ കരുണാസമ്പന്നനായ ദൈവം ഹവ്വായെ ഓർത്തു അവൾ വീണ്ടും ഒരു മകനെ പ്രസവിച്ചു. ശേത്തിന്റെ വംശാവലിയിലാണല്ലോ ലോകത്തിന്റെ വീണ്ടെടുപ്പുകാരനായ യേശുക്രിസ്തു ഭൂജാതനായത്.

ഹവ്വായെ പരീക്ഷിച്ച സാത്താൻ അനേകായിരം വർഷങ്ങൾക്കു ശേഷം മരുഭൂമിയിൽ ഉപവസിച്ചുകൊണ്ടിരുന്ന കർത്താവിന്റെ മുമ്പിൽ പരിശോധനയുമായി ആവിർഭവിച്ചു. (മത്തായി 4:1–11). അവിടെയും ഏറെക്കുറെ തന്റെ ആദ്യഅടവുകളാണു പ്രയോഗിക്കുന്നത്. ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഇവയെ കൊണ്ടു വെല്ലുവിളി നടത്തുന്നു. കർത്താവാകട്ടെ, ദൈവവചനമാകുന്ന വാളിനാൽ ശത്രുവിനെ തോല്പിച്ച് ഓടിക്കുന്നു. 'അപ്പോൾ പിശാച് അവനെ വിട്ടുപോയി'

ദൈവവചനം ഹൃദിസ്ഥമാക്കേണ്ടത് നമുക്ക് എത്രയോ ആവശ്യമാണ്. ആധുനിക ലോകത്തിലെ ബഹളങ്ങൾക്കിടയിൽ പലർക്കും സ്വസ്ഥമായിരുന്നു ബൈബിൾ വായിക്കാൻ കഴിയാതെ പോകുന്നു. ദൈനംദിനമുള്ള ജോലിത്തിരക്കിനിടയിൽ പല സഹോദരിമാർക്കും തിരുവചനം വായിച്ചു ധ്യാനിപ്പാൻ സമയമില്ല. രുചികരമായ ആഹാരപദാർത്ഥങ്ങൾ പരിഷ്കൃത രീതിയിൽ പാകം ചെയ്യുന്നതിനും ശരീരാലങ്കാരത്തിനും സുഹൃത്തുക്കളുമായി സല്ലപിക്കുന്നതിനും എല്ലാം നമുക്ക് വേണ്ടുവോളം സമയമുണ്ട്. മാറ്റിവയ്ക്കാവുന്ന ഒരു കാര്യം വേദപുസ്തകവായന മാത്രം. വേദപുസ്തകത്തിൽ നിന്നു നാം അകലുന്തോറും പിശാചു നമ്മോട് അടുത്തുവരികയാണ് എന്നുള്ള സത്യം മറന്നുകൂടാ. 'ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതാണ് എന്നു നാം വിസ്മരിക്കരുത്. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്പാൻ ദൈവത്തിന്റെ സർവായുധവർഗ്ഗം നമുക്കാവശ്യം.

ദൈവത്തിനു സമ്പൂർണ്ണമായി കീഴ്പെട്ട് അവനു നമ്മെക്കുറിച്ചുള്ള ഉദ്ദേശ്യം ഫലപ്രദമാക്കുന്നതിനു ഹവ്വായുടെ ജീവചരിത്രം നമുക്ക് പ്രചോദനം നല്കട്ടെ.

---


## സൗജന്യ വേദാധ്യയനം



**ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വേദപാഠങ്ങൾ തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക് എഴുതേണ്ട വിലാസം*

**The Director**
Good News Ministries
Akkulam Road, Trivandrum - 695 031

# മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം



**ജെസി ബെൻസെൻ, കൊച്ചി**

ക്രിസ്തീയ ജീവിതത്തെ ഓട്ടക്കളത്തിൽ ഓടുന്നതിനോട് താരതമ്യം ചെയ്തുകൊണ്ട് "സകലഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക'' എന്നു തിരുവചനം നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്. (എബ്രാ. 12:1) ഭാരവും ചുമന്നുകൊണ്ടുള്ള ഓട്ടം ആയാസമുള്ളതും അത് ഓട്ടത്തിന്റെ വേഗതയെ ബാധിക്കുന്നതുമാകയാൽ ഒഴിവാക്കുവാൻ കഴിയുന്നേടത്തോളം ഭാരങ്ങൾ വർജ്ജിച്ചിട്ടാണ് ഓടേണ്ടത്.

അങ്കം പൊരുതുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു (1 കൊരി.9:25) എന്നതു പോലെയും പടയാളി ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നതു പോലെയും (2 തിമൊ.2:4) ക്രിസ്തീയ ജീവിതമാകുന്ന ഓട്ടക്കളത്തിൽ ഓടുന്നവരും ചില വർജ്ജനങ്ങളും നിയന്ത്രണങ്ങളും കരുതലുകളും കൈക്കൊള്ളേണ്ടതുണ്ട്. സകലഭാരങ്ങളും ഒഴിവാക്കണമെന്നു പറയുമ്പോൾ അത്യാവശ്യമുള്ള ചിലതൊക്കെ കൈവശംവയ്ക്കാമെന്ന ധ്വനി പോലുമില്ല. നീക്കിക്കളയേണ്ട കാര്യങ്ങളുടെ പട്ടികയിൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും എല്ലാ നുണയും ഉൾപ്പെടുത്തിയിട്ടുണ്ട്. (1 പത്രൊ. 2:1) മാത്രമല്ല, കോപം, ക്രോധം, ഈർഷ്യ, വായിൽ നിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവയും വിട്ടുകളയേണം. (കൊലൊ 3:8) ഇതൊക്കെയും ക്രിസ്തീയ ഓട്ടത്തിന് ഭാരമുള്ളതും വേഗതയെ തടസ്സപ്പെടുത്തുന്നതുമാണെന്ന് നാം കരുതുന്നില്ലായിരിക്കും. എന്നാൽ അവ വിട്ടുകളഞ്ഞിട്ട് ഓടുമ്പോഴാണ് ഇതുവരെയും നാം എത്ര ആയാസത്തോടെയായിരുന്നു ഓടിയിരുന്നതെന്ന് തിരിച്ചറിയുക. അപ്പോഴാണ്, ഭാരവും പാപവും ചുമന്നു കൊണ്ടുള്ള ഓട്ടം നമ്മെ എത്ര മന്ദതയുള്ളവരാക്കിയിരിക്കുന്നു എന്നും ഒപ്പം ഓടുന്നവരിൽ നിന്നും നാം എത്ര അധികം പിന്നിലാണെന്നും ബോധ്യമുള്ളവരാകുന്നത്.

സകലഭാരവും മുറുകെ പറ്റുന്ന പാപവും വർജ്ജിച്ചിട്ട് മറ്റുള്ളവരുടെ പിന്നാലെ ഓടുകയല്ല, കൃത്യമായ ലക്ഷ്യത്തിലേക്കാണ് നാം ഓടേണ്ടത്. മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കിയ കർത്താവാണ് അതിനു നമുക്കു മാതൃക കാണിക്കുന്നത്. മുമ്പിലുള്ളതിനുവേണ്ടി ആഞ്ഞുകൊണ്ട് ലക്ഷ്യത്തിലേക്കുള്ള ഓട്ടമാണത്. വിരുതു പ്രാപിക്കുവാൻ തക്കവണ്ണം ലക്ഷ്യത്തിലേക്കുള്ള ഓട്ടമാണത്. ദൃഢനിശ്ചയത്തോടും പിമ്പിലുള്ളത് മറന്നുകൊണ്ടുമുള്ള ഓട്ടമാണ്. വിമർശനങ്ങളും പരിഹാസങ്ങളും അപമാനങ്ങളും അലക്ഷ്യമാക്കിക്കൊണ്ടുള്ള ഓട്ടമാണ്.

വിട്ടുകളഞ്ഞതിലേക്കു തിരിഞ്ഞു നോക്കി നെടുവീർപ്പിട്ടുകൊണ്ടുള്ള ഓട്ടമല്ല അത്. ലോത്തിന്റെ ഭാര്യ വിട്ടുപോന്ന സൗഭാഗ്യങ്ങളിലേക്കു തിരിഞ്ഞു നോക്കിയതുപോലെ നിരാശപ്പെട്ടുകൊണ്ടുള്ള ഓട്ടമല്ല അത്. പിന്നിലെ സന്തോഷമല്ല, മുമ്പിൽ വച്ചിരിക്കുന്ന സന്തോഷമാണ് നമ്മുടെ ലക്ഷ്യം. യോസേഫ് തന്റെ വസ്ത്രം പോലും ഉപേക്ഷിച്ച് പാപത്തെ വിട്ടകന്ന് ഓടി രക്ഷപ്പെട്ടതുപോലെ വിരുതു പ്രാപിക്കുവാൻ തക്കവണ്ണമുള്ള ഓട്ടമാണത്. എലീശ കൈവിട്ടു കളഞ്ഞ നയമാന്റെ സമ്മാനത്തിനു പിന്നാലെയുള്ള ഗേഹസിയുടെ ഓട്ടം, നയമാന്റെ സമ്പത്തിനൊപ്പം അവനെ വിട്ടുപോയ കുഷ്ഠരോഗവും ഗേഹസിക്കു സമ്മാനിച്ചുവെങ്കിൽ പിതാക്കന്മാർ വിട്ടുകളഞ്ഞതിനു പിന്നാലെയുള്ള നമ്മുടെ പരക്കംപാച്ചിൽ നന്മയല്ല, തിന്മയത്രെ നമുക്കു സമ്മാനിക്കുക.

നിശ്ചയമില്ലാതവണ്ണമല്ല ഓട്ടക്കാരൻ ലക്ഷ്യത്തിലേക്കു ഓടേണ്ടത്. പൂർണ്ണനിശ്ചയത്തോടെ ആയിരിക്കണം ഓടുന്നത്. യോസേഫ് പ്രലോഭിപ്പിക്കപ്പെട്ടപ്പോൾ അവൻ രണ്ടുവട്ടം ആലോചിച്ചില്ല. പാപത്തിൽ നിന്നും അവൻ ഓടി രക്ഷപ്പെട്ടു. നയമാൻ സമ്മാനം നല്കിയപ്പോൾ എലിശ രണ്ടാമത് ഒന്നുകൂടെ ചിന്തിച്ചില്ല. അവൻ അത് സ്വീകരിച്ചില്ല. സോദോം രാജാവ് സമ്പത്ത് എടുത്തു കൊൾവാൻ അനുവദിച്ചപ്പോൾ അബ്രഹാമും ഒരു പുനർവിചിന്തനത്തിന് തുനിയാതെ അത് നിരസിക്കുകയായിരുന്നു. (ഉത്പ 14:22) അതെ, അവരൊന്നും നിശ്ചയമില്ലാത വണ്ണമല്ല ഓടിയത്!

എന്നാൽ യിസ്രായേൽ മക്കളെ ശപിക്കുവാനായി മോവാബ്യരാജാവായ ബാലാക്ക് ബിലെയാമിനോട് ആവശ്യപ്പെട്ടപ്പോൾ എന്തു ചെയ്യണമെന്ന് അവന് നിശ്ചയമുണ്ടായിരുന്നില്ല. യിസ്രായേൽ ജനം തങ്ങൾക്കു ഒരു ദൈവത്തെ ഉണ്ടാക്കിത്ത രണമെന്ന് അഹരോനോട് ആവശ്യപ്പെട്ടപ്പോൾ ഒരു ഉറച്ച തീരുമാനമെടുക്കുവാൻ അവനും കഴിഞ്ഞില്ല. യേശുക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾക്കു ശേഷം പത്രൊസ് 'ഞാൻ മീൻപിടിക്കുവാൻ പോകുന്നു' എന്നു പറഞ്ഞപ്പോൾ മറിച്ചു ചിന്തിക്കുവാൻ മറ്റു ശിഷ്യന്മാർക്കും കഴിഞ്ഞില്ല. ഞങ്ങളും പോരുന്നു എന്നു പറഞ്ഞു അവരും മീൻ പിടിക്കാൻ പോയി. എന്തു ചെയ്യണമെന്ന് അവർക്കാർക്കും തന്നെ യാതൊരു നിശ്ചയവുമില്ലായിരുന്നു.

എന്നാൽ നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം നാം സ്ഥിരതയോടും നിശ്ചയത്തോടും കൂടെയാണ് ഓടേണ്ടത്. വർജ്ജിക്കേണ്ടതെല്ലാം വർജ്ജിച്ച്, സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട്, വിട്ടുകളഞ്ഞതിലേക്കു തിരിഞ്ഞു നോക്കാതെ വിരുത് പ്രാപിക്കുവാൻ തക്കവണ്ണം ഓടുവാൻ നമുക്കു ഉത്സാഹിക്കാം. എലീശാ ഉപേക്ഷിച്ച സമ്മാനങ്ങളും അബ്രഹാം നിരസിച്ച സമ്പത്തും ലോത്തിന് കൈമോശം വന്ന സൗഭാഗ്യങ്ങളും നമ്മുടെ ഓട്ടത്തെ ബാധിക്കാതിരിപ്പാൻ കരുതലുള്ളവരായിരിക്കാം. ദൈവം കൃപ നല്കട്ടെ.



# വഴിവിട്ട ദീന

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**

2012 ഡിസംബർ മാസത്തിൽ ഇൻഡ്യൻ ഭരണകൂടത്തിന്റെ സിരാകേന്ദ്രമായ ഡൽഹിയിലെ ഒരു ബസ്സിനുള്ളിൽ വച്ച് ഒരു ഇരുപത്തിമൂന്നുകാരിയെ അവളുടെ ആൺസുഹൃത്തിന്റെ കൺമുമ്പിൽ ക്രൂരവും പൈശാചികവുമായ രീതിയിൽ കൂട്ടമാനഭംഗത്തിനിരയാക്കി കൊലചെയ്ത സംഭവം ഭാരത മനസ്സാക്ഷിയെ പിടിച്ചു കുലുക്കി നിരവധി പ്രത്യാഘാതങ്ങൾ സൃഷ്ടി ക്കയുണ്ടായി. അതിനുശേഷം ഇന്നോളമുള്ള വർത്തമാനപ്പത്രങ്ങളിൽ ദിവസവും നിരവധി സ്ത്രീപീഡനകഥകൾ ചുരുളഴിഞ്ഞു കൊണ്ടാണിരിക്കുന്നത്. കുറ്റവാളികൾക്കു കർശന നിയമനടപടികൾക്കു ശിപാർശയുണ്ടെങ്കിലും ഇക്കഴിഞ്ഞ ദിവസവും ഒരു ഡാനീഷ് വനിത ഡൽഹിയിൽ കൂട്ടബലാൽസംഗത്തിനിരയായത് നമ്മുടെ ദുർബലമായ നിയമവാഴ്ചയുടെ മകുടോദാഹരണമാണ്.

ഈ ലേഖനം കുറിച്ച 2014 ജനുവരി ഇരുപതാം തീയതിയിലെ മലയാള മനോരമ ദിനപ്പത്രത്താളുകളിൽ നാലു സ്ത്രീപീഡന കദനകഥ എന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. രക്ഷിതാക്കൾ വീട്ടിൽ ഇല്ലാതിരുന്ന സമയം അയൽവാസി വീട്ടിലെത്തി അഞ്ചു വയസ്സുകാരി പിഞ്ചുബാലികയെ പീഡിപ്പിച്ചു. ഈ കുട്ടിയെ നേരത്തേ ഉപദ്രവിക്കാൻ ശ്രമിച്ചയവസരത്തിൽ രക്ഷിതാക്കൾ അക്രമിയെ പറഞ്ഞുവിലക്കിയിരുന്നു. വീടിനു സമീപം കളിച്ചുകൊണ്ടിരുന്ന ഒൻപതുകാരിയായ ബാലികയെ മാനഭംഗപ്പെടുത്തി കൊലപ്പെടുത്തിയതാണ് മറ്റൊരു വാർത്ത. പ്ലസ് ടു വിദ്യാർത്ഥിനിയെ വിവാഹ വാഗ്ദാനം നല്കി വിവിധ സ്ഥലങ്ങളിൽ താമസിച്ച് പീഡിപ്പിച്ചതും അന്നത്തെ വാർത്തകളിലുണ്ട്. ചെന്നൈ-തിരുവനന്തപുരം എക്സ്പ്രസ് ട്രെയിനിൽ യുവതിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച മൂവർ സംഘം പോലീസ് പിടിയിലായതാണ് നാലാമത്തെ ബലാൽസംഗ വാർത്ത. കഴിഞ്ഞ വർഷം വിവാഹ നിശ്ചയത്തിന്റെ തലേനാൾ ഒരു യുവതിയെ ട്രെയിനിൽ നിന്നും വെളിയിൽ തള്ളിയിട്ട് മാനഭംഗപ്പെടുത്തി കൊലപ്പെടുത്തിയ സംഭവം വലിയ ഒച്ചപ്പാടുണ്ടാക്കിയിട്ടും സമാനസംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത് ട്രെയിൻ യാത്രക്കാരിൽ ഉത്കണ്ഠയുളവാക്കുന്നതാണ്. ഇവയിൽ ഏറെയും മാതാപിതാക്കളുടെയോ പീഡനത്തിനിരയാകുന്നവരുടെയോ അശ്രദ്ധയോ പരിധിവിട്ടുള്ള അപഥസഞ്ചാരത്തിന്റെ പരിണിതഫലമോ ആണെന്നു കാണാം. മാനഭംഗത്തിനിരയാകുന്ന മിക്ക പെൺകുട്ടികളും അസമയത്ത് അനുചിതമായ സാഹചര്യങ്ങളിലാണ് പീഡിതരാകുന്നത്.

സ്ത്രീപീഡനം ഒരു തുടർക്കഥയാണ്. മറ്റേതു കാലഘട്ടത്തെക്കാളും ഉപരിയായി ഇന്നത് രാജ്യവ്യാപകമായിത്തീർന്നിട്ടുണ്ട്. ഇത് ആരംഭിച്ചത് ഇന്നും ഇന്നലെയും ഒന്നുമല്ല. ആയിരക്കണക്കിനു വർഷങ്ങൾക്കു മുമ്പും അസമയത്ത് അനുചിതമായ സാഹചര്യങ്ങളിലെത്തിപ്പെട്ട ഒരു ബൈബിൾ കഥാപാത്രം അപമാനിതയായതിന്റെ വിവരണം വിശുദ്ധവേദപുസ്തകത്തിന്റെ പ്രാരംഭതാളുകളിൽ കാണാവുന്നതാണ്. പെൺകുട്ടികൾ പോകരുതാത്ത സ്ഥലങ്ങളിൽ പോയാലുള്ള ദോഷഫലം എത്ര ഭീതിദമായിരിക്കുമെന്നുള്ള ശക്തമായ മുന്നറിയിപ്പാണ് നമുക്ക് ഈ വേദഭാഗത്ത് കാണാൻ കഴിയുന്നത്.

ഉത്പത്തിപ്പുസ്തകം 34-ാം അദ്ധ്യായത്തിൽ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ച യാക്കോബിന്റെ ഏകമകളാണ് ഈ ദാരുണദുരന്തത്തിനിരയായത്. ആ കന്യകയുടെ പേരാണ് ദീനാ. കഥ ഇതാണ്: യാക്കോബ് പുത്രകളത്രാദികളും ഭാര്യാഗൃഹത്തിൽ ഇരുപതു സംവത്സരം എല്ലുമുറിയെ പണി ചെയ്ത് സമ്പാദിച്ചതും എല്ലാമായി കനാനിലെ ശേഖേമിന്നരികെ വന്നു താമസമാക്കുന്നു. ഏകമകൾ പട്ടണത്തിലെ രീതികൾ പഠിക്കാൻ പോകുന്നു. ദീനാ തദ്ദേശവാസികളുടെ ഒരു ഉത്സവത്തിൽ പങ്കെടുക്കാനാണു പോയതെന്നാണ് യെഹൂദ ചരിത്രകാരനായ ജൊസീഫസിന്റെ അഭിപ്രായം. ലോത്ത് സോദോമുമായി ഇഴുകിച്ചേർന്നതുപോലെ ദീനായും ശേഖേമ്യരുമായി ഇടപഴകി ശ്രദ്ധേയയായതുകൊണ്ടാവാം. അവിടത്തെ ഭരണാധികാരി അവളിൽ നോട്ടമിട്ടതും അവളെ ഭാര്യയാക്കാൻ വെമ്പൽ കൊണ്ടതും. പതിനഞ്ചോ പതിനാറോ വയസ്സുമാത്രം പ്രായമുണ്ടായിരുന്ന ആ പെൺകുട്ടി ദേശത്തിലെ കന്യകമാരെ മാത്രമല്ല കണ്ടത്.... അക്കൂട്ടത്തിൽ യുവാക്കളെ കാണുകയും പരിചയപ്പെടുകയും ചെയ്തിരിക്കും. ഇസ്രായേല്ക്കാരത്തി കൗമാരക്കാരി വിജാതീയരുടെ ശ്രദ്ധയെ സമാകർഷിക്കത്തക്ക ആടയാഭരണാദികളായിരിക്കാം അണിഞ്ഞിരുന്നത്. ദേശത്തിന്റെ പ്രഭുവായ ശേഖേം അവളെ പിടിച്ചുകൊണ്ടു പോകുക മാത്രമല്ല അവളോടുകൂടെ ശയിച്ച് അവളെ വഷളാക്കി അഥവാ, ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ അവൻ അവളെ പീഡിപ്പിച്ചു. കനാന്യരുടെ സംസ്കാരത്തെ സ്വജീവിതത്തിൽ പകർത്തി അവരുമായി വഴിവിട്ട ബന്ധത്തിനു ശ്രമിച്ച എബ്രായ ബാലിക, അങ്ങനെ വേദപുസ്തക ചരിത്രത്തിൽ സ്ത്രീ പീഡനത്തിനിരയായ പ്രഥമവനിത എന്ന അഭിശപ്ത സ്ഥാനത്തിനു അർഹയായി. യാക്കോബിന്റെ മകൾക്കു ചേർന്ന നടപടിയായിരുന്നില്ല ദീനായുടെ അന്യമതസ്ഥരുമായുള്ള അവിഹിത ബന്ധം. സുവിശേഷവിഹിത വിശ്വാസികളുടെ ഭവനങ്ങളിലും ഈ നാളുകളിൽ ഇത്തരം അവിഹിതബന്ധങ്ങൾ അരങ്ങേറുന്നു വെന്നത് ഒരു ദുഃഖസത്യമല്ലേ? അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്കെഴുതിയ രണ്ടാം ലേഖനത്തിൽ വളരെ ശ്രദ്ധേയമായ ഒരു കല്പന നല്കിയിരിക്കുന്നു:

'*നിങ്ങൾ അവിശ്വാസികളോട് ഇണയല്ലാപ്പിണ കൂടരുത്; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ?* (2 കൊരി. 6:14)

ആ സംഭവത്തിനുശേഷം ദീനായുടെ സഹോദരന്മാർ കൊടും ചതിയിലൂടെ പ്രതികാരം ചെയ്യുന്നു. ശേഖേം പട്ടണത്തിലെ മുഴുവൻ പുരുഷന്മാരെയും യാക്കോബിന്റെ രണ്ടു പുത്രന്മാർ വാളിന്റെ വായ്ത്തലയാൽ കൊന്നു. അവരുടെ സമ്പത്തൊക്കെയും, സ്ത്രീകളെയും പൈതങ്ങളെയും എല്ലാം കൊള്ളയടിച്ച് ശേഖേം പട്ടണത്തെ നിർമ്മൂലമാക്കി. 'ദൈവത്തിന്റെ സ്വന്തം ജനത്തിന്റെ' സാക്ഷ്യം അപ്പാടെ നശിച്ചു. മക്കളുടെ ദുഷ്പ്രവൃത്തി മൂലം സമൂഹമദ്ധ്യേ സാക്ഷ്യം സമ്പൂർണ്ണമായി നഷ്ടപ്പെട്ട ഒരു പിതാവിനെയാണു നാം ഈ സംഭവത്തിന്റെ സമാപനഘട്ടത്തിൽ കാണുന്നത്. ദീനായെപ്പോലുള്ള മക്കൾ മാതാപിതാക്കളെ ദുഃഖിപ്പിക്കും. ആ മകൾ പിന്നീടുവിവാഹിതയായോ, കുടുംബ ജീവിതം നയിച്ചുവോ എന്നൊന്നും നമുക്ക് അറിവില്ല. പ്രിയമകളുടെ അപഥസഞ്ചാരത്തിനു ആരംഭത്തിലേ തടയിട്ട് അത്തരം പ്രവണതകളെ നാമ്പിലേ നുള്ളിയിരുന്നെങ്കിൽ ഈ കഥയുടെ അന്ത്യം ശുഭപര്യവസായി ആകുമായിരുന്നു. മാതാപിതാക്കളും പന്ത്രണ്ടു സഹോദരന്മാരും ഉള്ള ദീനായെ 'കയറൂരി വിട്ടത്' ഒരിക്കലും ന്യായീകരിക്കാവുന്ന ഒന്നല്ല. യാക്കോബ് എന്ന പിതാവ് ഏകമകളെ അവൾ പോകരുതാത്ത സ്ഥാനത്ത് പോകാൻ അനുവദിച്ചതുകൊണ്ടാണ് ഈ മഹാദുരന്തം സംഭവിച്ചത്. ഒടുക്കം യാക്കോബെന്ന പിതാവു മക്കളോടു പറയുന്നതിതാണ്: 'നിങ്ങൾ എന്നെ നാറ്റിച്ചു വിഷമത്തിലാക്കിയിരിക്കുന്നു'. 'ദൈവത്തിന്റെ സ്വന്തം നാട്ടിലെ' എത്രയോ മാതാപിതാക്കളാണ് മക്കളുടെ അപഥസഞ്ചാരത്തിന്റെ പരിണിതഫലമായി സമൂഹമദ്ധ്യേ തലകുനിച്ചു നടക്കാൻ ഇടയാകുന്നത്? വിശ്വാസികൾ എന്നഭിമാനിക്കുന്ന അനേകം മാതാപിതാക്കളുടെയും സ്ഥിതി യാക്കോബിന്റേതിൽ നിന്നും തെല്ലും വിഭിന്നമല്ലാത്ത ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. ചിന്തിക്കുക. ചോറിന്റെകൂടെ ചൊല്ലും കൊടുക്കാതെ മക്കളെ അവരുടെ വഴിയേ വിടുന്ന മാതാപിതാക്കൾക്കു യാക്കോബിന്റെ അനുഭവം ശക്തമായ ഒരു താക്കീതാണ്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക. അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല. (സദൃശ. 22:6) അവനെ അഭ്യസിപ്പിച്ചില്ലെങ്കിൽ അതിന്റെ ഉത്തരവാദിത്തം മാതാപിതാക്കൾക്കാണെന്നു ഓർക്കുക. അഥവാ, മാതാപിതാക്കളോടായിരിക്കും ദൈവം കണക്കു ചോദിക്കുക.

പുനർവിവാഹത്തിനും സ്വവർഗ്ഗവിവാഹത്തിനും എന്നുവേണ്ടാ, എല്ലാ ലൈംഗികഅരാജകത്വത്തിനും അംഗീകാരം കൈവരിച്ചുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണു നാം ജീവിക്കുന്നത്. അത്തരം വിവാഹങ്ങൾ സഭാമേലദ്ധ്യക്ഷന്മാരുടെ അനുഗ്രഹാശിസ്സുകളോടെയാണിന്നു നടക്കുന്നത്. ഇന്നലെകളിലെ തെറ്റുകൾ ഇന്നത്തെ ശരികളായി ത്വരിതഗതിയിൽ പരിണാമം പ്രാപിച്ചുകൊണ്ടിരിക്കുന്നു. ആരെല്ലാം ഇതൊക്കെ അനുവദിച്ചാലും ദൈവവചനത്തിനു വിപരീതമാണിതെന്നു ഓർമ്മിപ്പിക്കട്ടെ. കാലം മാറും; ചിന്താഗതികൾ മാറും; പക്ഷേ, ദൈവവചനത്തിനു ഒരു മാറ്റവും ഇല്ല. വചനത്തിന്റെ വെളിച്ചത്തിൽ പുനർവിവാഹത്തിനും സ്വവർഗ്ഗവിവാഹത്തിനും ന്യായീകരണമില്ല. മുൻവിവാഹത്തിൽ പെൺമക്കൾ ഉള്ള മാതാപിതാക്കൾ പുനർവിവാഹത്തിലേർപ്പെടുന്നതിനു മുമ്പായി ഒന്നോർത്തുകൊള്ളുക. നിങ്ങളുടെ പെൺകുട്ടികളുടെ സുരക്ഷിതത്വത്തിനു ഒരുറപ്പും ഇല്ല. സ്വന്തം പെൺമക്കൾ പോലും പിതാവിനു ഇരയാകുന്ന വാർത്തകൾ ഇന്ന് അപൂർവങ്ങളിൽ അപൂർവമല്ലെന്നു ഓർക്കുക. പുനർവിവാഹിതരാകുന്ന ദമ്പതികളുടെ കുടുംബജീവിതത്തെ ഭംഗ്യന്തരേണ വർണ്ണിച്ചിട്ടുള്ളത് ഓർമ്മയിൽ വരുന്നു. മക്കൾ തമ്മിൽ വഴക്കുകൂടിയപ്പോൾ ഭർത്താവു ഭാര്യയോടു പറഞ്ഞത് ഇപ്രകാരമാണ്:

*എന്റെ മക്കളും നിന്റെ മക്കളും കൂടി നമ്മുടെ മക്കളോടു വഴക്കുണ്ടാക്കുന്നു.* ഇന്നത്തെ സാഹചര്യത്തിൽ വഴക്ക് എന്നതിനു പകരം പീഡനം എന്നായിരിക്കും പറയുക. അമ്മ-പെങ്ങന്മാരെയും ഭാര്യയെയും മക്കളെയും തമ്മിൽ വേർതിരിച്ചറിയാത്ത കാലം.

പ്രിയ മാതാപിതാക്കന്മാരേ, നിങ്ങൾ മക്കളുടെ മുമ്പിൽ ദൈവവചനാനുസൃതമായ ജീവിതം നയിക്കുക. മക്കൾ നിങ്ങളുടെ ജീവിതശൈലി വേണം അനുകരിക്കേണ്ടത്. അല്ലാതെ അനുദിനം വഷളത്വത്തിൽ നിന്നു വഷളത്വത്തിലേക്കു വഴുതി വീണുകൊണ്ടിരിക്കുന്ന സമൂഹത്തിന്റേത് ആകരുത്. നിങ്ങളുടെ ജീവിതം നിങ്ങളുടെ മക്കൾക്കു അനുകരിപ്പാൻ അനുയോജ്യമോ? ചിന്തിക്കുക. ദൈവത്തിനു നേർന്ന നേർച്ച (ഉത്പ. 28:11-16) നിവർത്തിക്കാൻ ബേഥേലിലേക്കു പോകേണ്ട യാക്കോബ് പോയത് നേരേ ശേഖേമിലേക്ക്. അവിടെ ഒരു നിലം വാങ്ങി യാക്കോബ് തന്റെ അവകാശം ഉറപ്പിക്കുന്നു. (ഉത്പ. 33:18-20). അതല്ലേ സ്വന്തമകൾ അപമാനിതയാകാനുള്ള ഒരു കാരണം? ശേഖേമിലെത്തുന്നതിനു തൊട്ടുമുമ്പിലാണ് സേയീരിൽ സ്വസഹോദരൻ ഏശാവിന്റെ അടുക്കൽ ചെന്നുകൊള്ളാമെന്നു ഏശാവിനു ഉറപ്പു കൊടുത്തത്. ആ വാഗ്ദാനവും യാക്കോബ് ലംഘിച്ചു; പകരം ശേഖേമിൽ കുടിയേറി. യാക്കോബ് മഹാസമ്പന്നനായിരുന്നെങ്കിലും, ഈ ലോകത്തിന്റെ ദൃഷ്ടിയിൽ എല്ലാം ഉള്ളവൻ ആയിരുന്നെങ്കിലും, കൊല്ലും കൊലയും കുലത്തൊഴിലാക്കിയ മക്കൾ അദ്ദേഹത്തിനു സന്തോഷത്തിനു പകരം ദുഃഖമേ നല്കിയുള്ളു. പില്ക്കാലത്ത്, അസൂയമൂത്ത് സ്വന്തസഹോദരനായ യോസേഫിനെപ്പോലും വകവരുത്തുവാൻ അവർ തയ്യാറായവരാണ്. ഉപായിയായ യാക്കോബിന്റെ മക്കൾ ഉപായത്താൽ ഒരു പട്ടണം മുഴുവൻ നാമാവശേഷമാക്കി. അവരിൽ നിന്നും അതല്ലാതെ വേറെന്തു പ്രതീക്ഷിക്കാൻ, അല്ലേ? *യഥാ മാതാ, തഥാ പുത്രി, യഥാ പിതാ, തഥാ പുത്ര* എന്നല്ലേ പ്രമാണം? നിങ്ങളുടെ മക്കൾ നിങ്ങൾക്കു സന്തോഷത്തിനും സമാധാനത്തിനും ഹേതുവോ?

"മകനേ, എന്റെ വചനങ്ങളെ പ്രമാണിച്ച് എന്റെ കല്പനകളെ നിന്റെ ഉള്ളിൽ സംഗ്രഹിച്ചു കൊള്ളുക. (സദൃശ. 7:1)"

# സാത്താന്റെ തന്ത്രങ്ങൾ

എൽസി ബേബി, ന്യൂ യോർക്ക്

''സാത്താൻ നമ്മെ തോല്പിക്കരുത്; അവന്റെ തന്ത്രങ്ങളെ നാം അറിയാത്തവരല്ലല്ലോ." (2കൊരി. 2:11) ഈ വാക്യം നമുക്കെല്ലാവർക്കും അറിയാം. സാത്താന്റെ എത്ര തന്ത്ര ങ്ങളാണ് നമുക്കറിയാവുന്നത്? ചിന്തിച്ചിട്ടുണ്ടൊ? പഠിച്ചിട്ടുണ്ടൊ? പരിശോധിച്ചിട്ടുണ്ടൊ? ഇല്ലെങ്കിൽ സാത്താൻ നമ്മെ തോല്പിച്ചിരിക്ക യാകുന്നു. അവന്റെ തന്ത്രങ്ങളെ നമുക്കൊന്നു പരിശോധിക്കാം. സാത്താന്റെ ഉത്പത്തിയേക്കുറിച്ച് യെശ.14:12, യെഹെ. 28:11-18ലും രേഖപ്പെടുത്തിയിരിക്കുന്നു. പിശാചിന്റെ അന്ത്യത്തേക്കുറിച്ച് വെളി: 20-ലും രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. അതിലേ ക്കൊന്നും പ്രവേശിക്കാൻ ഉദ്ദേശിക്കു ന്നില്ല. എന്നാൽ പഴയ നിയമത്തിലും പുതിയനിയമത്തിലും ഉടനീളം പരിശോധിച്ചാൽ അവന്റെ പലവിധ ങ്ങളായ തന്ത്രങ്ങളെ നമുക്ക് കാണാം. പിശാചിന്റെ ഏകദൗത്യം ദൈവിക പരിപാടികളെ തകിടം മറിക്കുക. ലോകരക്ഷിതാവായ ക്രിസ്തുവിന്റെ വീണ്ടെടുപ്പിന്റെ വേല തകർക്കുക. ക്രിസ്തുവിശ്വാസികളെ വഴിതെറ്റിച്ചു നിലംപരിചാക്കുക എന്നതാകുന്നു. തിന്മകളല്ലാതെ നന്മ ലവലേശമില്ലാത്ത ദുഷ്ടൻ! വെളിച്ചം അണുപോലുമില്ലാത്ത അന്ധകാരപ്രഭു! അതുകൊണ്ടാണല്ലൊ സാത്താൻ, ദുഷ്ടൻ, ദ്രോഹി, പ്രതിയോഗി, ദൈവവിരോധി, ശത്രു, പരീക്ഷകൻ, ബെയെൽസെബൂൽ ഈ ലോകത്തിന്റെ ദൈവം, ഈ ലോക ത്തിന്റെ പ്രഭു, വെളിച്ചദൂതൻ, കുറ്റം ചുമത്തുന്ന അപരാധി, കാപട്യത്തി ന്റേയും, സകല ദുഷ്ടതയുടേയും, തിന്മകളുടേയും ഉടമ എന്ന പേരുകളാൽ സാത്താൻ അറിയ പ്പെടുന്നത്. സാത്താന്റെ ചില തന്ത്ര ങ്ങളെ പരിശോധിക്കുക എന്നതാണ് ഈ ലേഖനം കൊണ്ടുദ്ദേശിക്കുന്നത്.

1. അവൻ ആദിമുതൽ കൊല പാതകനായിരുന്നു. അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യത്തിൽ നില്ക്കുന്നില്ല. ഭോഷ്കു പറയുന്നവനും ഭോഷ്കിന്റെ അപ്പനുമാകുന്നു. (യോഹ. 8:44) ദൈവത്തേക്കുറിച്ചു കള്ളം പറഞ്ഞു ഹവ്വായെ ചതിച്ച വഞ്ചകൻ! ഇന്നും കള്ളം പറയുകയും പറയിപ്പി ക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന സാത്താന്റെ തന്ത്രം നമ്മിലുണ്ടോ? സഹോദരനെ പകെക്കുന്ന കൊലപാത കന്മാരാകുന്നുവൊ? പരിശോധിക്കുക.

2. വഞ്ചകൻ (വെളി. 20:10) സത്യത്തിന്റെകൂടെ അല്പം കള്ളവും കൂട്ടിച്ചേർത്തു പറഞ്ഞു പലരേയും വഞ്ചിക്കുന്ന സ്വഭാവം! ദൈവിക സ്വഭാവം, പ്രവൃത്തികൾ, നീതി, സത്യം ഇവയിലൊക്കെ മായം ചേർത്തു വെളിച്ചദൂതനായി അഭിനയിക്കാൻ സാത്താനുള്ള കഴിവ് അപാരമാകുന്നു. 'കപടഭക്തി'യിൽ വിരുതർ! സാത്താന്റെ ശുശ്രൂഷക്കാർ.

3. അടയാളങ്ങളും അത്ഭുത ങ്ങളും പ്രവർത്തിക്കുവാൻ ശക്തൻ (2 തെസ്സ. 2:9-11) സാത്താന്റെ വ്യാപാര ശക്തി, വ്യാജമായ അടയാളങ്ങളോടും, അത്ഭുതങ്ങളോടും കൂടെ, അനീതി യുടെ സകല വഞ്ചനകളോടും കൂടെ അനേകരെ വഴിതെറ്റിക്കുവാൻ കഴി വുള്ള വഞ്ചകൻ! ഇന്നു നമുക്കു ചുറ്റും അതു കാണ്മാനില്ലെ?

4. മനുഷ്യമനസ്സുകളെ ക്രിസ്തു വിനോടുള്ള ഏകാഗ്രതയും നിർമ്മല തയും വിട്ടു വഷളാക്കുവാൻ കരു ത്തുള്ള വികടബുദ്ധിയുള്ളവൻ. (2 കൊരി. 11:3-4)

5. മോഷ്ടിപ്പാനും, അറുപ്പാനും, മുടിക്കുവാനും നോക്കിനടക്കുന്ന കള്ളൻ (യോഹ. 10-10) അലറുന്ന സിംഹമായി ആരെ വിഴുങ്ങേണ്ടൂ എന്നുനോക്കി നടക്കുന്നവൻ! (1പത്രൊസ്. 5:8) ദൈവമക്കളെ പീഡിപ്പിച്ച്, ഉപദ്രവിച്ച്, നിരുത്സാഹപ്പെടുത്തുന്നവൻ!

6. ബലഹീനരുടെ വിശ്വാസം തകർത്ത്, മദ്യത്തിനും, മയക്കു മരുന്നിനും, മന്ത്രവാദങ്ങൾക്കും, ആഭിചാരങ്ങൾക്കും, ലൈംഗിക ചേഷ്ടകൾക്കും അടിമകളാക്കുന്ന നാശകൻ!

7. കുറ്റം ചുമത്തുന്ന അപരാധി (വെളി.12:10) ഡെവിൾ അഥവാ പിശാച് എന്ന വാക്കിന്റെ അർത്ഥം ''കുറ്റം ചുമത്തുന്ന അപരാധി" എന്നാകുന്നു. മറ്റുള്ളവരെ കുറ്റം പറഞ്ഞ് സ്വന്തം കുറ്റങ്ങൾപോലും മറ്റുള്ളവരുടെമേൽ ചുമത്തുന്നവർ ശ്രദ്ധിക്കുക!

8. നിരുത്സാഹപ്പെടുത്തി നിരാശ യുടെ നീർക്കയത്തിലേക്കു തള്ളിയിടു ന്നവൻ. സഹോദരൻ തെറ്റുചെയ്തിട്ട്, അതുബോദ്ധ്യമായി പശ്ചാത്തപിച്ച് അനുതപിച്ച് ഏറ്റുപറഞ്ഞാലും ക്ഷമിക്കാൻ മനസ്സില്ലാതെ അവനെ അതിദുഃഖത്തിൽ മുങ്ങിപ്പോകാനിട യാക്കുന്നവൻ (2കൊരി. 2:6-7). ക്ഷമിക്കാനുള്ള മനസ്സില്ലായ്മ സാത്താന്റെ തന്ത്രമാകുന്നു.

9. അവിശ്വാസികളുടെ മനസ്സ് കുരുടാക്കുന്നവൻ (2കൊരി. 4:4). കലക്കത്തിന്റെ ആത്മാവുമായിവന്ന് വിശ്വാസികളെ തമ്മിൽ തമ്മിൽ വഴക്കുണ്ടാക്കി, പിണക്കിപ്പിരിക്കുവാൻ പിശാചിന്റെ തന്ത്രം ഭയാനകമാകുന്നു. അതുകൊണ്ട് അവിശ്വാസികൾ

# ചെഷയർ ഹോംസ്



**മേരി അഞ്ചൻ, തുംകൂർ**

അനാഥരുടെ സഹായാർത്ഥം ലോകമെമ്പാടും പ്രവർത്തിച്ചു പോരുന്ന ചെഷയർ ഹോംസ് (Cheshire Homes) രൂപം കൊണ്ടത് ഒരേ ഒരു വ്യക്തിയുടെ ആത്മാർത്ഥവും, ദൃഢവുമായ സമർപ്പണഫലമായിട്ടാണ്. ബ്രിട്ടണിലെ ഏറ്റവും മികച്ച ബോംബർ പൈലറ്റായിരുന്ന ലിയോണാർഡോ ചെഷയർ (Leonardo Cheshire) 1945-ൽ ജപ്പാനിൽ അണുബോംബു (Atom Bomb) വർഷിക്കുവാൻ നിയോഗിക്കപ്പെട്ട ബോംബർ വിമാനത്തോടൊപ്പമുണ്ടായിരുന്ന നിരീക്ഷണ വിമാനത്തിലെ ഒരംഗമായിരുന്നു. 1945 ആഗസ്റ്റ് 6-ാം തീയതി ഹിരോഷിമാ പട്ടണത്തിൽ ഒരു ബോംബും മൂന്നു ദിവസങ്ങൾക്കു ശേഷം 9-ാം തീയതി നാഗസാക്കി പട്ടണത്തിൽ ഒരു ബോംബും വർഷിച്ചതിനെ തുടർന്ന് ഉളവായ ഭീകരദൃശ്യങ്ങൾ അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ ഭേദിച്ചു. ഉടനെ കൊല്ലപ്പെട്ടവരുടെ സംഖ്യ എഴുപതിനായിരത്തിലധികമായിരുന്നു. ഗുരുതരമായി പരുക്കേറ്റ് അംഗാംഗങ്ങൾ വിച്ഛേദിക്കപ്പെട്ടവർ അനവധി! മാരകറേഡിയേഷൻ മൂലം മന്ദബുദ്ധികളും, അംഗവികലരുമായി പില്ക്കാലത്ത് ജനിച്ചവരുടെ സംഖ്യ അജ്ഞാതം! ഏകദേശം 1½ ലക്ഷം ജനങ്ങൾ ഹിരോഷിമാ- നാഗസാക്കി ബോംബാക്രമണത്തിന് ഇരയായതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

അധിക താമസമെന്യെ ചെഷയർ സൈന്യത്തിൽ നിന്നും വിരമിച്ചു. കഷ്ടമനുഭവിക്കുന്നവരുടെ സഹായാർത്ഥം ശിഷ്ടായുസ്സ് ചെലവഴിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഒട്ടൊരു മനഃശാന്തി ലഭിക്കുവാനായി ലോകത്തിന്റെ അനേകഭാഗങ്ങളിലും ചെഷയർ ഹോംസ് സ്ഥാപിച്ചു അശരണർക്കായി തന്റെ ശേഷിച്ച ആയുസ്സ് സമർപ്പിച്ചു.

കഷ്ടത്തിലുള്ളവരെ ആശ്വസിപ്പിക്കാൻ ശക്തരാകേണ്ടതിന് കർത്താവ് നമുക്ക് കൃപ നല്കട്ടെ. ‘‘എളിയവരോടു കൃപകാണിക്കുന്നവനോ ഭാഗ്യവാൻ” (സദൃശവാക്യങ്ങൾ 14:21). ‘‘എളിയവനെ ആദരിക്കുന്നവൻ ഭാഗ്യവാൻ” (സങ്കീ. 41:1)

---

സുവിശേഷത്തിൽ വിശ്വസിക്കാതെ മറ്റുമതങ്ങളിലേക്കും, അവിശ്വാസത്തിലേക്കും ഇറങ്ങി ഇടറിപ്പോകുവാൻ അവരുടെ കണ്ണുകളെ കുരുടാക്കുന്നു.

10. അവസാനമായി നിഗളം, അഹങ്കാരം ഇവ ദൈവമക്കളുടെ ഹൃദയങ്ങളിൽ കുത്തിവയ്ക്കുവാൻ പ്രാപ്തൻ! നല്ല ഒരു കോൺഫ്രൻസ്, ഉണർവ്വുയോഗം, മാനസാന്തരം ഇങ്ങനെ ആത്മിക വിജയം എവിടെയുണ്ടോ അവിടെ നിഗളവുമായി അവൻ പ്രവേശിക്കുന്നു. കലക്കമുണ്ടാക്കി താറുമാറാക്കുന്നു. ദാവീദിനു ജനത്തെ എണ്ണുവാൻ പ്രേരിപ്പിച്ച തന്ത്രം!
1 ദിനവൃത്താ.21:1.

പ്രിയമുള്ളവരെ സാത്താന്റെ തന്ത്രങ്ങൾ അനവധിയാകുന്നു. അവ നമ്മിലുണ്ടോ എന്നു പരിശോധിപ്പാനാവശ്യം! ദൈവത്തിന്റെ സർവ്വായുധവർഗ്ഗം നാം എപ്പോഴും ധരിക്കാതിരുന്നാൽ നാം അവന്റെ തന്ത്രങ്ങളിൽ കുടുങ്ങും സംശയമില്ല. ഇന്നു കുടുംബകലഹങ്ങൾ, വിവാഹജീവിതത്തിലെ പാളിച്ചകൾ, വിവാഹമോചനം, സഭകളിലെ വഴക്കുകൾ, ഭിന്നത, പിളർപ്പ്, ക്ഷമിക്കാനും സ്നേഹിക്കാനും, ഐകമത്യപ്പെടുവാനും സാധിക്കാതെ വരുന്നത്, ആത്മിക ശുശ്രൂഷകൾക്കു തടസ്സം, ആത്മാവിന്റെ ഫലമില്ലാത്ത ക്രിസ്തീയ ജീവിതം, മന്ദത, മയക്കം, ആലസ്യം ഇവയ്ക്കൊക്കെ കാരണം നാം ഓരോരുത്തരും സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങി വഞ്ചിതരാകുന്നതു കൊണ്ടാകുന്നു. ക്രിസ്തുവുമായി അഭേദ്യബന്ധം പുലർത്തി, തിരുവചനം വായിച്ചു, ധ്യാനിച്ചു പഠിച്ചും, പ്രാർത്ഥിച്ചും ക്രിസ്തുവിനെക്കുറിച്ചുള്ള കൃപയിലും പരിജ്ഞാനത്തിലും വളരുക. വിശുദ്ധിയെ തികെച്ചു വിശുദ്ധജീവിതം നയിക്കുക. സാത്താന്റെ തന്ത്രങ്ങളോട് എതിർത്തു നില്ക്കുക. ഈ ലേഖനം അതിന്നു സഹായകമായി തീരട്ടെ!.

# വേദപുസ്തക വനിതകൾ (തുടർച്ച)



**യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം**

**വളരെ അദ്ധ്വാനിച്ച മറിയ. റോമ: 16:6**

വേദപുസ്തകത്തിലെ പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന മറിയമാരിൽ ഒടുവിലത്തെ സ്ത്രീ രത്നമാണ് നമ്മുടെ കഥാപാത്രം. പൗലൊസ് ശ്ലീഹയുടെ സുവിശേഷ പ്രചാരണത്തിൽ രക്ഷിക്കപ്പെട്ട സഹ വിശ്വാസികളെ എപ്പോഴും ഓർക്കുകയും പ്രശംസിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്ന വിശിഷ്ട വ്യക്തിയായിരുന്നു. ഈ കാലയളവിൽ പരിശുദ്ധാത്മ സഹായത്താൽ തങ്ങളുടെ ശുശ്രൂഷമൂലം വിശ്വാസികളായവരെയും അവരുടെ നന്മയെയും വിസ്മരിക്കുന്നവരാണ് അധികവും. എനിക്കും അതിൽ നിന്ന് വേറിട്ടു നില്ക്കാൻ കഴിയില്ല. ഞാൻ മുഖാന്തരം വിശ്വാസത്തിലേക്കു വന്ന ഒരു സ്ത്രീ രത്നത്തെ ഓർക്കുന്നു. ഈ സഹോദരിയെ സ്നാനപ്പെടുത്തിയതും ഞാൻ തന്നെയായിരുന്നു. വർഷങ്ങൾക്കു ശേഷം തമ്മിൽക്കണ്ടപ്പോൾ ഞാൻ ഈ സ്ത്രീരത്നത്തെ തിരിച്ചറിഞ്ഞില്ല. സാർ മുഖാന്തരമാണ് ഞാൻ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതും സാറിന്റെ കൈക്കീഴിലാണ് സ്നാനപ്പെട്ടതുമെന്ന് ഈ സഹോദരി എന്നോട് പറഞ്ഞപ്പോൾ ഞാൻ ലജ്ജയോടെ ഇങ്ങനെ മറുപടി പറഞ്ഞു. മാനുഷിക പരിമിതിയാൽ ഞാൻ മറന്നു പോയതാണ്. എന്നോട് കർത്തൃ നാമത്തിൽ ക്ഷമിക്കണം. എന്നാൽ പൗലൊസ് എന്ന കർമ്മധീരനായ അപ്പൊസ്തലൻ ഈ കാര്യത്തിൽ വ്യത്യസ്തനായിരുന്നു. റോമാലേഖനത്തിലെ ഒടുവിലത്തെ അദ്ധ്യായത്തിൽ സഹവിശ്വാസികളിൽ പലരെയും ഓർത്തു പ്രാർത്ഥിക്കുകയും അവരിലുള്ള നന്മയെ ഓർത്തു പ്രശംസിക്കുകയും ചെയ്തിരുന്നു.

ഈ ഭാഗത്ത് ''കർത്താവിൽ അദ്ധ്വാനിച്ച", "കർത്താവിൽ വളരെ അദ്ധ്വാനിച്ച'' എന്നീ വിശേഷണ പദങ്ങൾ ആവർത്തിച്ചിട്ടുണ്ട്. കർത്താവിൽ വളരെ അദ്ധ്വാനിച്ച മറിയ ഏതു ദേശക്കാരിയെന്നോ മാതാപിതാക്കൾ ആരെന്നോ ഒന്നും ആ ഭാഗത്ത് രേഖപ്പെടുത്തിയിരുന്നില്ല. നിങ്ങൾക്കായി വളരെ അദ്ധ്വാനിച്ചവൾ എന്ന് പറയുമ്പോൾ ഈ ലേഖനം റോമിലുള്ള വിശ്വാസികൾക്കെഴുതിയതാണെന്ന് ചിന്തിക്കാവുന്നതാണ്. അതിനാൽ ഈ സ്ത്രീരത്നം റോമിലെ സഭാംഗമായിരുന്നുവെന്നത് നിസ്തർക്കമാണ്. കർത്തൃനാമ മഹത്ത്വത്തിനും ദൈവസഭയുടെ ആത്മികവർദ്ധനയ്ക്കും തന്നെത്തന്നെ സമർപ്പിച്ചവളായിരുന്നു ഈ മറിയ. അവൾ തന്റെ കഴിവിനപ്പുറവും അദ്ധ്വാനിച്ചു. ഒരു കാലത്ത് ഈ ലോകത്തിന്നായി അദ്ധ്വാനിച്ചിരുന്നവൾ. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളവരേ, എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പി ക്കാമെന്ന രക്ഷകന്റെ ശബ്ദംകേട്ട് ലോകത്തിന്റെ അദ്ധ്വാനഭാരത്തിൽ നിന്നും വേർപെട്ടവളാണ്. ഈ ലോകത്തിന്റെ അദ്ധ്വാനവും പാപഭാരവും പേറുന്നവർക്ക് നിത്യശിക്ഷാവിധിയെന്ന ആശ്വാസരഹിതമായ ഭാവിയാണ് ലഭിക്കുന്നത്. നമ്മുടെ ആ ഭാരം ദൈവത്തിൽ സമർപ്പിച്ചാൽ ലഭിക്കുന്നത് ആശ്വാസമാണ്, അതായത് നിത്യാശ്വാസമാണ്. മാത്രവുമല്ല മറ്റുള്ളവരുടെ നന്മയ്ക്കായി സൽപ്രവൃത്തികളിൽ ഒരുക്കവും ശുഷ്ക്കാന്തിയും ഉത്സാഹവും കാണിക്കുന്നവരെ മറക്കുന്നവനല്ല പരിശുദ്ധാത്മാവാം ദൈവം. ബേഥാന്യയിലെ മാർത്ത പലതിനേ ചൊല്ലി ഭാരപ്പെട്ടു. തന്റെ അനുജത്തിയായ മറിയ തന്നെ സഹായിക്കുന്നില്ലായെന്ന് പരാതി പറഞ്ഞു എങ്കിലും ഈ മാർത്ത പരാതിയോടെയാണെങ്കിലും കർത്താവിന്നും ശിഷ്യന്മാർക്കുമായി വളരെ അദ്ധ്വാനിച്ചവളായിരുന്നു.

രക്ഷ എന്നത് ദാനമാണ്. അതു ഭദ്രവുമാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ കൃപയാൽ ദാനമായി ലഭിക്കുന്നതാണ്. ഈ പറഞ്ഞു തീരാത്ത ദാനത്തിന് പ്രവൃത്തികളും കാരണമല്ല. മനുഷ്യന്റെ നന്മപ്രവൃത്തികളാൽ നേടാൻ കഴിയുന്നതുമല്ല. എന്നാൽ ദാനമായ രക്ഷ വിശ്വാസത്താൽ പ്രാപിച്ചവരായ രക്ഷിക്കപ്പെട്ടവർക്ക് വലിയ ഉത്തരവാദിത്വം ഉണ്ട്. നമ്മെ സൽപ്രവൃത്തികൾക്കായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. നന്മചെയ്യുവാനും കൂട്ടായ്മകാണിപ്പാനും മറക്കരുത്. സൽപ്രവൃത്തികളിൽ ശുഷ്ക്കാന്തി ഉള്ളവരായിരിക്കണം. ഒരുക്കമുള്ളവരായിരിക്കണം. പൂജ്യം തനിയെ നിന്നാൽ ഒരു വിലയും ഇല്ല. 01 ആയാലും വിലയില്ല. 10 എന്നെഴുതിയാൽ പൂജ്യത്തിന് വിലയായി. ഇതുപോലെ യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി വിശ്വസിച്ചതിനു ശേഷം ചെയ്യുന്ന സൽപ്രവൃത്തികൾക്ക് വിലയുണ്ട്. ദൈവത്തെ കൂടാതെ ചെയ്യുന്ന നന്മപ്രവൃത്തികൾക്ക് ഒരു വിലയുമില്ല. പശ്ചാത്തപിച്ച് മാനസാന്തരപ്പെട്ട് യേശുക്രിസ്തുവിനെ രക്ഷിതാവും കർത്താവുമായി അംഗീകരിക്കുമ്പോൾ പുതുസൃഷ്ടിയായിത്തീരുകയാണ്. അതിനുശേഷം ചെയ്യുന്ന നന്മയെ മറക്കുന്നവനല്ല ദൈവം. അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്ന് തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം

എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പിൽ നില്ക്കേണ്ടതാണ്. (2കൊരി. 5:10) ഇവിടെ ന്യായാസനത്തിന് ഉപയോഗിച്ചിരിക്കുന്ന മൂലപദം 'ബീമ' എന്നതാണ്. ഒളിമ്പിക്സ് മത്സരത്തിൽ വിജയിക്കുന്നവർക്ക് സമ്മാനദാനം നല്കാൻ വരുന്ന വിശിഷ്ടാതിഥിക്ക് ഇരിക്കാനുള്ള ആസനമാണിത്. അവിടെ ശിക്ഷാവിധിയല്ല. പ്രത്യുത പ്രതിഫലം നല്കുകയാണ്.

കർത്തൃനാമമഹത്ത്വത്തിനും ദൈവസഭയുടെ ആത്മിക വർദ്ധനയ്ക്കും നിലനില്പിനുമായി വളരെ അദ്ധ്വാനിച്ചവളാണ് മറിയ. അതു എന്തൊക്കെയായിരുന്നുവെന്ന് തിരുവചനം വ്യക്തമാക്കിയിട്ടില്ല. എന്നാൽ അദ്ധ്വാനം വളരെയായിരുന്നു. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അടുത്ത് സൂക്ഷിക്കപ്പെട്ടിരിക്കുന്ന പല ഗ്രന്ഥങ്ങളെപ്പറ്റി തിരുവചനം വെളിപ്പെടുത്തിയിട്ടുണ്ട്. ജീവപുസ്തകം (Book of Life) ജീവന്റെ പുസ്തകം (Book of Living) സ്മരണയുടെ പുസ്തകം (Book of Remembrance). യഹോവാഭക്തന്മാർ തമ്മിൽ തമ്മിൽ സംസാരിച്ചു. യഹോവ ശ്രദ്ധവെച്ചുകേട്ടു. യഹോവ ഭക്തന്മാർക്കും അവന്റെ നാമത്തെ സ്മരിക്കുന്നവർക്കും വേണ്ടി അവന്റെ സന്നിധിയിൽ ഒരു സ്മരണയുടെ പുസ്തകം എഴുതിവെച്ചിരിക്കുന്നു. (മലാഖി. 3:16)

ഈ പുസ്തകം ഒരിക്കൽ തുറക്കപ്പെടുന്നതാണ്. അന്ന് മറിയ നമ്മേക്കാൾ അധികം പ്രതിഫലം വാങ്ങിക്കുന്നതായിരിക്കും. വിശുദ്ധ പൗലൊസ് റോമിലുള്ള സഭകൾക്കായി എഴുതിയ ലേഖനത്തിൽ റോമിലുള്ള ദൈവസഭയ്ക്കായി കർത്താവിൽ വളരെ അദ്ധ്വാനിച്ചവൾ എന്ന് മറിയയെപ്പറ്റി എഴുതിയിരിക്കുന്നതിന്റെ അർത്ഥം അന്ന് ഗ്രഹിപ്പാൻ സാധിക്കുന്നതാണ്.

പ്രിയ സ്നേഹിതരേ, നിങ്ങൾ രക്ഷകനായ യേശുക്രിസ്തുവിനെ ജീവിതത്തിലെ ഒന്നാമനായി സ്വീകരിച്ചിട്ടുണ്ടോ? ദൈവനാമ മഹത്ത്വത്തിനായും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായും എന്തൊക്കെ ചെയ്തിട്ടുണ്ട്. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മ എങ്ങനെയുണ്ട്? സുവിശേഷഘോഷണത്തിൽ നിങ്ങളുടെ പങ്ക് എന്താണ്? ദൈവസഭയുടെ നിലനില്പിനായി വരവു ചെലവുകാര്യങ്ങളിൽ നിങ്ങളുടെ കൂട്ടായ്മ എത്രത്തോളമാണ്? അനന്യാസിനേയും സഫീരയേയും പോലെ ദൈവാത്മാവിനോട് വ്യാജം പറയുന്നവരാണോ? അതോ ബർന്നബാസിനേപ്പോലെ തനിക്കുണ്ടായിരുന്ന വസ്തുമുഴുവൻ വിറ്റ് സഭയുടെ അഭിവൃദ്ധിക്കായി സമർപ്പിച്ചവരാണോ? ബേഥാന്യയിലെ മറിയ തന്നാലാവതു ചെയ്തു. നിങ്ങളാൽ ആവതു നിങ്ങൾ ചെയ്തിട്ടുണ്ടോ? ചിന്തിക്കുക! ആത്മപരിശോധന നടത്തുക. ഈ വരികൾ എഴുതുന്ന ഞാനും വായിക്കുന്ന നിങ്ങളും ഒരു സ്വയപരിശോധന നടത്തേണ്ടതാണ്. ''നിങ്ങളോടു ദൈവവചനം പ്രസംഗിച്ചു (വരമൊഴിയാലേ) നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്തു അവരുടെ വിശ്വാസം അനുകരിപ്പിൻ (എബ്രാ. 13:7)

ഏകാധിപതിയും ധന്യനുമായ ത്രിയേക ദൈവത്തിന്റെ നാമം ഇന്നും എന്നേക്കും മഹിമപ്പെടുമാറാകട്ടെ.




## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി
വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക.
http://www.gncs.org/ministries_ publications.htm/
ലോകത്തിന്റെ ഏതുഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന
ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത
വായിക്കയും ചെയ്യാനുള്ള സംവിധാനമായി.
നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ
ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# “ഞാൻ ഇനിയും സഭയിൽ വരുന്നില്ല”

**പി.വി. സന്തോഷ്, വയനാട്**

ആരാധനായോഗത്തിനുശേഷം ഒരു വിശ്വാസി സുവിശേഷകന്റെ അടുക്കലേക്ക് വന്നു അല്പം നിരാശയോടെ പറഞ്ഞു. “ഞാൻ 20 വർഷമായി ഈ സഭയിൽ നല്ല അംഗമായി മുടങ്ങാതെ പ്രാർത്ഥനകളിലും, ആരാധനകളിലും ക്ലാസ്സുകളിലും സംബന്ധിച്ചു വരുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് സ്നാനം സ്വീകരിച്ച ഞാൻ ജനിച്ചു വളർന്ന പശ്ചാത്തലത്തെ വിട്ടാണ് ഇതിലേക്ക് വന്നത്. എന്നാൽ കഴിഞ്ഞ 20 വർഷമായി ഞാൻ കേൾക്കുന്ന പ്രസംഗങ്ങളും വചനങ്ങളും ആരാധനാചിന്തകളും എനിക്ക് ഓർത്തിരിക്കുവാൻ കഴിഞ്ഞിട്ടില്ല. വലിയ അറിവില്ലാത്ത ഞാൻ ഇങ്ങനെ പ്രസംഗങ്ങൾ കേട്ടിരുന്നിട്ട് വലിയ കാര്യമില്ലെന്ന് തോന്നുന്നു. അതുകൊണ്ട് ഞാൻ ഇനിയും സഭയിൽ വരുവാൻ ആഗ്രഹിക്കുന്നില്ല.

ഈ വാക്കുകളെ കേട്ട് വളരെ ദുഃഖം തോന്നിയ സുവിശേഷകൻ ഒരു നിമിഷത്തെ മൗനത്തിനു ശേഷം ഇങ്ങനെ മറുപടി പറഞ്ഞു. “ഞാൻ വിവാഹം കഴിഞ്ഞിട്ട് 30 വർഷമായി. എന്റെ ഭാര്യ കഴിഞ്ഞ 30 വർഷമായി ഉണ്ടാക്കിത്തന്ന ആഹാരങ്ങൾ എന്തൊക്കെയാണെന്ന് എനിക്ക് ഓർത്തിരുന്ന് പറയുവാൻ കഴിയത്തില്ല. അതുകൊണ്ട് ഞാൻ ഒരിക്കലും എന്റെ ഭാര്യ ഉണ്ടാക്കി തരുന്ന ആഹാരങ്ങൾ കഴിക്കത്തില്ല എന്നു പറയുമോ?

ഒരു കാര്യം എനിക്കറിയാം ഞാൻ ഇന്നും ആരോഗ്യത്തോടെ ഇരിക്കുന്നതിന്റെ കാരണം മുടങ്ങാതെ ഭക്ഷണം കഴിച്ചു എന്നുള്ളതാണ്. ഓരോ ഭക്ഷണ പദാർത്ഥത്തിലുമുള്ള വൈറ്റമിൻ ഏതെന്ന് വേർതിരിച്ച് അറിഞ്ഞില്ലെങ്കിലും ഞാൻ അത് ഭക്ഷിച്ച് കഴിയുമ്പോൾ അത് എനിക്ക് പ്രയോജനകരമായി തീരുന്നു. കാര്യം ഗ്രഹിച്ച അദ്ദേഹം തുടർന്നുള്ള പ്രാർത്ഥനകളിൽ, ആരാധനയിൽ, ക്ലാസ്സുകളിൽ മുൻനിരകളിൽ തന്നെ ഉണ്ടായിരുന്നു. യിരെമ്യാവ് പറയുന്നത് “ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു.” (യിരെമ്യാവ് 15:16)

സങ്കീർത്തനക്കാരൻ പറയുന്നത് “തിരുവചനം എന്റെ അണ്ണാക്കിന്നു എത്ര മധുരം! അവ എന്റെ വായിക്കു തേനിലും നല്ലതു” (സങ്കീ. 119:103) അനുദിനം ദൈവത്തിന്റെ വചനത്തിൽ കൂടി ദൈവം നമ്മോട് എപ്പോഴും സംസാരിച്ചു കൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ ഉപദേശം സ്വീകരിക്കുന്നവൻ ദൈവത്തിന്റെ വചനത്തെ വിട്ടുമാറുകയില്ല. ഒരു ദൈവപൈതലിന് മാത്രമേ ദൈവവചനം മാധുര്യമായി തോന്നുകയുള്ളൂ. അല്ലാത്തവർക്ക് അത് കയ്പ്പ് നിറഞ്ഞതായിരിക്കും. ശരീരത്തിന് ഭക്ഷണം അത്യന്താപേക്ഷിതമാണ്. നമ്മുടെ ആത്മാവിനുള്ള ഭക്ഷണമാണ് ബൈബിൾ വചനങ്ങൾ. ദൈവവചനം അനുദിനം കഴിക്കുന്ന അപ്പമാണ്. വിശേഷ ദിവസങ്ങളിൽ കഴിക്കുന്ന കേക്ക് അല്ല എന്ന് ഓർക്കുക.

## രചനകൾ



**ക്രൈസ്തവ വനിതയിൽ നിങ്ങൾക്കെഴുതുവാൻ താത്പര്യമുണ്ടോ? ദൈവം നിങ്ങൾക്ക് ഒരാശയം നല്കിയിട്ടുണ്ടെങ്കിൽ ക്രൈസ്തവജനതയുടെ ആത്മിക അഭിവൃദ്ധിക്കായി അനുഗ്രഹത്തിനായി അതെഴുതി ഞങ്ങൾക്കയച്ചു തരിക, നിങ്ങളുടെ സൃഷ്ടികൾ വെളിച്ചം കാണട്ടെ. വനിതകളായ എഴുത്തുകാർക്ക് മുൻഗണന. നിങ്ങളുടെ രചനകൾ മൂന്നു പേജിൽ കവിയരുത്. രചനകൾ അയയ്ക്കേണ്ട വിലാസം താഴെ കൊടുത്തിരിക്കുന്നു.**

**The Editor**
**Christian Woman**
**Akkulam Road, Trivandrum 695 031**
**Telephone 0471 2448079**

# നാലു ചിത്രശലഭങ്ങൾ

## ഡോ. പി.കെ. സാം, മല്ലശ്ശേരി

ദൈവത്തിന്റെ മനോഹര സൃഷ്ടിയാണ് ചിത്രശലഭം. ചിറകുകളുണ്ടെങ്കിലും ദീർഘ ദൂരത്തിൽ സഞ്ചരിക്കാതെ പരിസരപ്രദേശങ്ങളിൽ ഒതുങ്ങിനിന്ന്, ചുറ്റിപ്പറന്ന് തേൻകുടിച്ച്, നിരുപദ്രവകാരികളായി ചിറകടിച്ച് പൂച്ചെടികൾക്കു ചുറ്റും ഇവ പറന്ന് പരിലസിക്കുന്നതായി ഞാൻ വീടിന്റെ മുൻവശത്തിരിക്കുമ്പോൾ കാണാറുണ്ട്. നോഹയുടെ പെട്ടകത്തിൽ ചിത്രശലഭ ങ്ങൾക്കു അലങ്കാര സൃഷ്ടികളെന്ന നിലയിൽ പ്രത്യേകസ്ഥാനം കൊടുത്തു കാണുമെന്ന് ഞാൻ വിഭാവന ചെയ്യുന്നു. ലാവണ്യവും സ്നേഹവും നിറഞ്ഞിരുന്നവരും, നന്മയും കരുണയും ഉണ്ടായിരുന്നവരും, അപഥവഴികളില്ലാതിരുന്നവരുമായ ചില വേദപുസ്തക കഥാപാത്രങ്ങളെ ഇത്തരം ചിത്രശലഭങ്ങളോടാണു ഞാൻ ഉപമിക്കുന്നത്.

അവർ നന്മ ചെയ്യുവാനും ദൈവത്തെ പ്രസാദിപ്പിക്കുവാനും സ്വന്ത കൂട്ടത്തോട് കൂറു പുലർത്തുവാനും കൂട്ടായ്മബന്ധങ്ങളെ അരക്കിട്ടുറപ്പിക്കുവാനും ശ്രമിച്ച നിഷ്ക്കളങ്ക സ്വഭാവമുള്ള ചിത്രശലഭങ്ങളായിരുന്നു. അപ്രകാരമുള്ള നാല് സ്ത്രീകളെ ചിത്രീകരിച്ചു ചന്തമായി ചില ചിന്തകൾ ഇവിടെ കുറിച്ചുകൊള്ളട്ടെ. ഒന്നാമതായി ഫേബയെപ്പറ്റി പറയാം.

1. **ഫേബ:-** കെംക്രെയ സഭയിലെ ഒരു ശുശ്രൂഷക്കാരിയായിരുന്നു ഫേബ. പൗലൊസ് റോമാസഭയ്ക്കെഴുതുമ്പോൾ വിശുദ്ധന്മാർക്കു യോഗ്യമാംവണ്ണം ഫേബയെ സ്വീകരിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. (റോമർ 16:1,2). അവളുടെ പേരിന്റെ അർത്ഥം പോലെതന്നെ ഫേബ തേജസ്വിനിയായിരുന്നു. അതുകൊണ്ടാണ് പൗലൊസ് ഫേബയെപ്പറ്റി ബഹുമാനപുരസ്സരം പ്രതിപാദിച്ചത്. ഫേബ സമ്പന്നയായിരുന്നതിനാൽ പലരെയും അവൾ സഹായിച്ചിരുന്നിരിക്കാം. വിശേഷാൽ ഈ സഹോദരി പൗലൊസിനും സഹായകയായിരുന്നിരിക്കാം. പ്രയാസം അനുഭവിക്കുന്നവരെ ഫേബ സംരക്ഷിച്ചിരുന്നുവെന്ന കാര്യത്തിൽ സന്ദേ ഹമില്ല. അവൾ വിശ്വസ്തയും സഭയ്ക്കും ദൈവത്തിനും കൊള്ളാവുന്നവളും ആത്മാർത്ഥമായ ഹൃദയമുള്ളവളുമായ ഒരു സഹോദരിയുമായിരുന്നതു കൊണ്ടായിരിക്കാം അവൾ റോമിലേക്കു പോയപ്പോൾ റോമാലേഖനം അവളുടെ കൈയിൽ കൊടുത്തയച്ചത്. ഫേബയെപ്പോലെ ഇത്ര സ്വഭാവവൈശിഷ്ട്യമുള്ള എത്രപേർ ഇന്നു സഭയ്ക്കകത്തുണ്ട്? അധികം പേരും ഇന്ന് സ്വഭാവദൂഷ്യമുള്ളവരും അവിശ്വസ്തരുമാണെന്ന് സംശയിക്കുന്നു. ഫേബയെപ്പോലെയുള്ളവരുണ്ടെങ്കിൽ സഭയുടെ അന്തസ്സ് താണുപോകുവാൻ സാദ്ധ്യതയില്ലതന്നെ. നിരുപദ്രവജീവിതം നയിക്കുന്ന മനോഹരരൂപമുള്ള ഒരു ചിത്രശലഭത്തെപ്പോലെയാണ് ഫേബ സഭയ്ക്കകത്തും പുറത്തും പരിലസിച്ചിരുന്നതെന്നു ധരിക്കുന്നതു കൊള്ളാം

2. **പ്രിസ്കില്ല:-** വിശ്വാസിയായിരുന്ന അക്വിലാവിന്റെ ഭാര്യയായിരുന്നു പ്രിസ്കില്ല. ഇവർ രണ്ടുപേരും യെഹൂദക്രിസ്ത്യാനികളായിരുന്നു. ചുമ്മാതെ കുത്തിയിരിക്കുന്ന സ്വഭാവക്കാരല്ലായിരുന്നു ഇവർ. ഇന്നത്തെ ചില ദമ്പതികൾ അലസമനോഭാവക്കാരാണ്. അക്വിലാവ്- പ്രിസ്കില്ല ദമ്പതികൾക്കുണ്ടായിരുന്ന ജോലി കൂടാരപ്പണിയായിരുന്നു. കഠിനാദ്ധ്വാനം ചെയ്യുവാൻ അവർ മടിച്ചിരുന്നില്ല. പ്രിസ്കില്ലയും ഒരു ചിത്രശലഭത്തെപ്പോലെയായിരുന്നുവെന്നു പറഞ്ഞുവല്ലൊ. അവൾക്കു പറ്റിയ ഒരു ഭർത്താവിനെയും ദൈവം കൊടുത്തു. ഇത്തരക്കാർക്കു മാത്രമേ തുള്ളിച്ചാടി ചിത്രശലഭത്തെപ്പോലെ സഭാവൃത്താകാരത്തിൽ പറന്നുയരുവാൻ കഴിയുകയുള്ളൂ. തത്ഫലമായിട്ടാണ് ഇവരുടെ ഭവനത്തിൽ ഒരു സഭയും നിലനിന്നിരുന്നത്. വിശ്വാസികൾ ഒന്നിച്ച് ചേർന്ന് ആരാധന ഒരു ഭവനത്തിൽ നടത്തുന്നത് എത്ര ആനന്ദസന്ദായകമാണ്. അവർ ചിത്രശലഭത്തെപ്പോലെ ആത്മാർത്ഥമായി സഭയോടും പൗലൊസിനോടും ചേർന്നുനിന്നു പ്രവർത്തിക്കുന്നവരായിരുന്നു. അതിനു തെളിവാണ് ഈ വാക്യം. ''ക്രിസ്തുയേശുവിൽ എന്റെ കൂട്ടുവേലക്കാരായ പ്രിസ്കില്ലയെയും അക്വിലാവെയും വന്ദനം ചെയ്‌വിൻ. അവർ എന്റെ പ്രാണന്നു വേണ്ടി തങ്ങളുടെ കഴുത്തു വെച്ചുകൊടുക്കുന്നവരാകുന്നു; അവർക്കു ഞാൻ മാത്രമല്ല, ജാതികളുടെ സകല സഭകളും കൂടെ നന്ദിപറയുന്നു. അവരുടെ വീട്ടിലെ സഭയെയും വന്ദനം ചെയ്‌വിൻ.'' (റോമർ 16:3-5) ഇവരെക്കുറിച്ചു പരാമർശിക്കുന്ന മറ്റുഭാഗങ്ങൾ അപ്പൊ. 18:2, 18:26, 1കൊരി. 16:19, എന്നിവയാകുന്നു. 2 തിമൊ. 4-ന്റെ 19 -ൽ ഈ രണ്ടുപേർക്കും പൗലൊസ് വന്ദനം ചൊല്ലുന്നതായി കാണുന്നുണ്ട്. പ്രാധാന്യമില്ലാത്തവർക്ക് വന്ദനം ചൊല്ലേണ്ട കാര്യമൊന്നുമില്ല. ഇവരും വിശുദ്ധരായി പറന്നു പരിലസിച്ച ചിത്രശലഭങ്ങളെപ്പോലെയുള്ളവരായിരുന്നുവെന്നുള്ളതിനു തർക്കമില്ല

3. **എസ്ഥേർ:-** അഹശ്വേരോശ് രാജാവ് ഭരണം നടത്തിയ കാലത്ത് ശൂശൻ രാജധാനിയിലെ ഒരു ഉദ്യോഗസ്ഥനായിരുന്നു മൊർദ്ദെഖായി. ഇദ്ദേഹത്തിന്റെ പിതാവിന്റെ അനുജന്റെ മകളായിരുന്നു എസ്ഥേർ. അവൾ സുന്ദരിയും കുലസ്നേഹമുള്ളവളുമായ ഒരു യെഹൂദസ്ത്രീ ആയിരുന്നു. അഹശ്വേരോശിന്റെ ഭരണത്തിൽ ഹാമാൻ എന്നുപേരുള്ള ഒരു പ്രധാനിയുമുണ്ടായിരുന്നു. അവന് കൊട്ടാരത്തിൽ ഉന്നതപദവി കൊടുത്തു. ഹാമാനെ രാജഭൃത്യന്മാരൊക്കെയും കുമ്പിട്ട് നമസ്ക്കരിക്കണമെന്നു നിർബന്ധമുണ്ടായിരുന്നു. പക്ഷെ മൊർദ്ദെഖായി മാത്രം കുമ്പിട്ടില്ല.

അതിനാൽ യെഹൂദരുടെ ശത്രുവായ ഹാമാൻ രാജ്യത്തിലെ യെഹൂദന്മാരെ മുഴുവനും നശിപ്പിക്കുവാൻ സൂത്രം പ്രയോഗിച്ച് രാജാവുമായി ഗൂഢാലോചന നടത്തി. പ്രസ്തുത ചർച്ചയുടെ ഫലമായി മൊർദ്ദെഖായിയെ തൂക്കിലേറ്റാൻ 50 മുഴം ഉയരമുള്ള കഴുമരം ഉണ്ടാക്കിവെച്ചു. പക്ഷെ, എസ്ഥേർ രാജ്ഞിയുടെ ചെവിയിൽ ഇത് എത്തിയതോടെ അവൾ ഇടപെട്ട് രാജാവിന്റെ കരുണ പിടിച്ചുപറ്റി യെഹൂദന്മാരെ കൊല്ലരുതെന്ന് രാജകല്പന പുറപ്പെടുവിപ്പിക്കുകയും ഹാമാനെ തൂക്കിലേറ്റണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു. ഒടുവിൽ അവർ ഹാമാനെ മൊർദ്ദെഖായിക്കു വേണ്ടി നാട്ടിയിരുന്ന കഴുമരത്തിന്മേൽത്തന്നെ തൂക്കിക്കൊന്നു. അങ്ങനെ രാജാവിന്റെ ക്രോധം ശമിച്ചു. (എസ്ഥേർ 7:10). സ്വജനത്തെ രക്ഷിക്കാനായി ഒരു ചിത്രശലഭത്തെപ്പോലെ മനോഹരരൂപിണിയായി അഹശ്വരോശ് രാജാവിന്റെ സന്നിധിയിൽ ചെന്ന് വിനയാന്വിതയായി കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയതിനാൽ യെഹൂദജനം ആരും നശിക്കേണ്ടി വന്നില്ല. രാജാവിന്റെ ഭാര്യ വസ്ഥിക്കു പകരം എസ്ഥേറിനെ ഭാര്യയായി എടുത്തപ്പോൾ ദൈവം മുൻകൂറായി രാജധാനിയിലും ബന്ധപ്പെട്ട ഇടങ്ങളിലും പറന്നുനടക്കാൻ ഒരുക്കിയതായിരുന്നു എസ്ഥേർ രാജ്ഞിയായ ഈ ചിത്രശലഭത്തെ. ഇവളുടെ മാതാപിതാക്കൾ മരിച്ചുപോയതിനാൽ തത്സ്ഥാനത്ത് മൊർദ്ദെഖായിയാണ് എസ്ഥേറിനെ വളർത്തുമകളായി എടുത്തത്. മൊർദ്ദെഖായിയെ തടവുകാരനായി, മറ്റു പല തടവുകാരുടെ കൂട്ടത്തിൽ യെരുശലേമിൽ നിന്ന് കൊണ്ടുവന്നിരുന്നതാണ്. അങ്ങനെയാണ് ശൂശൻ രാജധാനിയിലെ കാവല്ക്കാരനായി നിയമിതനായത്. അന്ന് പല യുവതികളെയും തടവുകാരായി കൊണ്ടുവന്നഗണത്തിൽ എസ്ഥേറും (ഹദസ്സ) ഉണ്ടായിരുന്നു. ഹദസ്സ എന്ന മറുപേരുള്ളവളായിരുന്നു എസ്ഥേർ. അവൾ മുഴുവൻ യെഹൂദജനതയ്ക്കും വേണ്ടി ചിത്രശലഭമായി പാറിപറക്കുകയായിരുന്നു.

4. **അബീഗയിൽ**- അബീഗയിൽ വിവേകമതിയും സൗന്ദര്യത്തിന്റെ നിറകുടവുമായിരുന്നു. കർമ്മേലിലെ ധനികനായ ഒരു വ്യാപാരിയായ നാബാൽ ആയിരുന്നു അബീഗയിലിന്റെ ഭർത്താവ്. അവൻ മദ്യപാനിയും ഭോഷത്വമുള്ളവനുമായിരുന്നു. എങ്കിലും അബീഗയിൽ അവനെ ഉപേക്ഷിച്ചില്ല. എല്ലാം സഹിച്ചു നിന്നതേയുള്ളൂ. ഇന്നത്തെ ചില ഭാര്യമാർ ഭർത്താവിന്റെ ദുഃസ്വഭാവം മൂലം വേറെ പുരുഷനെ വിവാഹം കഴിക്കുവാൻ അഭിലഷിക്കാറുണ്ട്. അവർ ചിത്രശലഭത്തിനു പകരം വികൃതശലഭമായി മാറുകയാണ്. എന്നാൽ അബീഗയിൽ അത്തരക്കാരിയല്ലായിരുന്നു. അതുംകൂടി കണക്കിലെടുത്താണ് ഞാൻ അവളെ ഒരു ചിത്രശലഭമായി ഉപമിച്ചിരിക്കുന്നത്. വേറെയും കാരണങ്ങളുണ്ട്. ഒരിക്കൽ ദാവീദ് ശൗലിനെ പേടിച്ച് ഒളിച്ചുനടന്ന അവസരത്തിൽ ഭക്ഷണം കിട്ടാനൊക്കെ പ്രയാസമായിരുന്നു. അപ്പോൾ ദാവീദ് ഭൃത്യന്മാരെ നാബാലിന്റെ അടുത്തയച്ച് കുറച്ചു ഭക്ഷണം കൊടുത്തയയ്ക്കാൻ ആവശ്യപ്പെട്ടു. നാബാലാകട്ടെ ബാല്യക്കാരെ ആക്ഷേപിച്ച് ഒന്നും നല്കാതെ മടക്കി അയച്ചു. ഇതിൽ കോപിഷ്ഠനായ ദാവീദും കൂട്ടരും പ്രതികാരം ചെയ്യാനായി നാബാലിന്റെ അടുത്തേക്കു പോകാൻ പുറപ്പെട്ടു. പക്ഷെ, പ്രതികാരം വരുന്നതിനു മുമ്പ് അബീഗയിൽ ഒരു ചിത്രശലഭത്തെപ്പോലെ സഞ്ചരിച്ച് ദാവീദിന്റെ അടുക്കൽ ചെന്ന് ക്ഷമചോദിച്ച് സാഷ്ടാംഗം വീണ് നമസ്ക്കരിച്ചു. മാത്രമല്ല, അവൾ പലതരത്തിലുള്ള ഭക്ഷണസാധനങ്ങൾ ഭൃത്യന്മാർ വഴി ദാവീദിനു കൊടുത്തയയ്ക്കുകയും ചെയ്തു. എന്താ പോരേ? അവളെ എങ്ങനെ ചിത്രശലഭമെന്നു വിളിക്കാതിരിക്കും? മനോഹരമായ രീതിയിൽ അബീഗയിൽ പ്രശ്നം അനുഗൃഹീതമായ പ്രഭാവത്തോടെ പരിഹരിക്കുകയായിരുന്നു. തന്നിമിത്തം ഈ ചിത്രശലഭത്തെ ദാവീദ് ഭാര്യയാക്കി അരമനയ്ക്കു ചുറ്റും പാറിപ്പറന്ന അവളെ കൺകുളിർക്കെ കാണുകയായിരുന്നു. (1 ശമു. 25:1-43)

സ്നേഹിതരേ, ഫേബ ദൈവദാസന്മാരെ ബഹുമാനിച്ച്, മറ്റുള്ളവർക്ക് സാമ്പത്തിക സഹായവും ചെയ്ത് സ്വന്തം വീട്ടിൽ സഭായോഗം നടത്തി ബഹുമതിയായ ഒരു തേജസ്വിനിയായി തീർന്ന് ഒരു ചിത്രശലഭത്തെപ്പോലെ ശോഭിച്ചുയർന്നു പറന്നു. പ്രിസ്കില്ല കൂടാരപ്പണിചെയ്ത് അദ്ധ്വാനശീലം കൊണ്ട് സ്വന്തഭർത്താവിന്റെ കൂടെ വിശ്വസ്തയായി ജീവിച്ച് ആത്മീയ പ്രബുദ്ധത കൈവരിച്ച് സ്വഭവനത്തിൽ ആരാധന നടത്തി, മധുരവചനങ്ങളുടെ തേൻനുകർന്നു കൊണ്ടിരുന്നു. കർമ്മനിരതയായിത്തീർന്ന, വർണ്ണപ്പകിട്ടുള്ള ഒരു ചിത്രശലഭമായി പ്രിസ്കില്ല മാറുകയായിരുന്നു. അടുത്തത് എസ്ഥേർ. അവൾ സ്വജനത്തെ കൂട്ടക്കൊലയിൽ നിന്നു രക്ഷിക്കുവാൻ ചേതോഹരാംഗിയായി ചിത്രശലഭത്തെപ്പോലെ പറന്നു ചെന്നാണ് കാണേണ്ടവരെ കണ്ടു ദൗത്യം വിജയിപ്പിച്ചത്. ശത്രുവിനെ തൂക്കിലേറ്റാൻ ബുദ്ധിയുടെയും ദീർഘവീക്ഷണത്തിന്റെയും ജ്ഞാനം സമ്പാദിച്ച്, അഭിമാനത്തിന്റെ തേനാസ്വദിച്ച്, വിജയശ്രീലാളിതയായി പറന്നുയർന്ന ഒരു ചിത്രശലഭം തന്നെയായിരുന്നു എസ്ഥേർ എന്ന യെഹൂദ്യരാജ്ഞി. ശത്രുവായ ഹാമാനെയും സകലകുടുംബത്തെയും തകർത്തു തരിപ്പണമാക്കി വിജയം വരിച്ച അഭിമാനശില്പിയും കൂടിയായിരുന്നു എസ്ഥേർ. സുന്ദരചിറകുകളുള്ള ചിത്രശലഭം!

അവസാനമായി അബീഗയിൽ വിനയത്തിന്റെയും വിവേകത്തിന്റെയും സൗന്ദര്യത്തിന്റെയും ചിത്രശലഭമായിരുന്നു. ഭർത്താവിനെയും സ്വകുടുംബത്തെയും ദാവീദിന്റെ പ്രതികാരത്തിൽ നിന്നും രക്ഷിക്കുവാൻ, ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കുവാൻ, മഹത്ത്വം കൊടുക്കേണ്ടവർക്കു മഹത്ത്വം കൊടുക്കുവാൻ, സമ്പത്തിലൊന്നുമല്ല വലിയ കാര്യമെന്നു മനസിലാക്കുവാൻ മുമ്പോട്ടുവന്നു പ്രവർത്തിച്ച വിവേകറാണിയായ ഒരു സുന്ദരപ്രതിഭാ ചിത്രശലഭമായിരുന്നു അബീഗയിൽ.

സഹോദരന്മാരേ, സഹോദരിമാരേ, ഫേബ, പ്രിസ്കില്ല, എസ്ഥേർ, അബീഗയിൽ എന്ന ഈ നാലു സ്ത്രീരത്നങ്ങളായ ചിത്രശലഭങ്ങളിൽ കൂടി ദൈവനാമമാണ് മഹത്ത്വപ്പെടുവാൻ കാരണമായതെന്നു കൂടി ധരിച്ചാലും. നമുക്കു ആ മാതൃകകൾ അനുകരിക്കുവാൻ കർത്താവു സഹായിക്കട്ടെ.

# തിരുവിതാംകൂറിലെ ജാതിവ്യവസ്ഥയെ സ്വന്തം വിവാഹത്തിലൂടെ വെല്ലുവിളിച്ച വിദേശമിഷണറിമാർ

റവ. എ.ജെ. ജോൺ കൊഴുവല്ലൂർ



കേരളത്തിന്റെ സാംസ്കാരിക പൈതൃകം അതിപുരാതനവും ലോകോത്തരവും ആയിരുന്നു എന്നു മലയാളികൾ പരസ്പരം പറയാറുണ്ടെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടിൽ സുവിശേഷീകരണത്തിനായി എത്തിയ മിഷണറിമാർ കണ്ടതു സാംസ്കാരികമായി ഏറ്റവും അധഃപതിച്ച ഒരു സമൂഹത്തെയാണ്. ബ്രാഹ്മണരുടെ സ്ഥാപിത താത്പര്യത്തിനായി അവർ നിർമ്മിച്ച ചില വിധി വ്യവസ്ഥകളാൽ അധ:പതിപ്പിച്ച ഒരു സമൂഹം എന്നു പറയുന്നതാകും ചരിത്രപരമായി കൂടുതൽ ശരി.

"തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ
കെട്ടില്ലാത്തോർ തമ്മിലുണ്ണാത്തോരിങ്ങനെ-
യൊട്ടല്ലഹോ ജാതിക്കോമരങ്ങൾ"

ആശാന്റെ 'ദുരവസ്ഥ'യിലെ ഈ വരികൾ വരച്ചുകാട്ടുന്നത് വിവേകാനന്ദൻ പറഞ്ഞിട്ടുപോയ ഭ്രാന്താലയത്തിലെ അസംബന്ധങ്ങളാണ്. 'കെട്ടില്ലാത്തോർ' എന്നത് വിവാഹബന്ധത്തിലെ ജാതി പ്രശ്നമാണ്. ഒരു ജാതിയിൽ തന്നെ ഉപജാതിപ്പൊരുത്തം കൂടി നോക്കിയേ വിവാഹം നടന്നിരുന്നുള്ളൂ. അൻപതിൽ അധികം ശൂദ്രജാതി (ഉപജാതി)കളെ കൂട്ടികെട്ടിയാണ് നായർ സർവ്വീസ് സൊസൈറ്റി രൂപീകരിച്ചത്. നാല് ഉപജാതികളെ ഒന്നിച്ചു ചേർത്താണ് ശ്രീനാരായണ ധർമ്മപരിപാലനയോഗം സ്ഥാപിക്കപ്പെട്ടത്. ആശാൻ വിരൽചൂണ്ടുന്ന ഉപജാതി പ്രശ്നത്തിന്റെ പരിഹാരത്തിനായി നാരായണഗുരു പറഞ്ഞതാണത്രേ "ഒരു ജാതി ഒരു മതം ഒരു ദൈവം" എന്ന മഹത്വചനം എന്ന അടക്കം പറച്ചിൽ നിലവിലുണ്ട്. ഏതായാലും ഗുരുവചനം ഇന്നു സാർവ്വദേശീയ മാനം കൈവരിച്ചിരിക്കുന്നു.

1817 മുതൽ തെക്കൻ തിരുവിതാംകൂറിൽ പ്രവർത്തിച്ചിരുന്ന ലണ്ടൻ മിഷണറി സൊസൈറ്റിയുടെ ഒരു സീനിയർ മിഷണറിയായിരുന്നു റവ. ചാൾസ് മീഡ്. 1848-ൽ അദ്ദേഹത്തിന്റെ ഭാര്യ കർത്താവിൽ നിദ്രപ്രാപിച്ചപ്പോൾ പുനർവിവാഹത്തിനെക്കുറിച്ച് ആലോചിച്ചു. ഒരു സുവിശേഷകന്റെ മകളും വിദ്യാസമ്പന്നയുമായ തിരുവിതാംകൂർകാരി യുവതിയെ വിവാഹം ചെയ്യാൻ വിദേശ മിഷണറി തീരുമാനിച്ചു. വിവരം സഹപ്രവർത്തകരെ അറിയിച്ചപ്പോഴാണ് പ്രശ്നം തലപൊക്കുന്നത്. ഒരു വെള്ളക്കാരൻ നാട്ടുകാരിയെ വിവാഹം കഴിക്കാൻ പോകുന്നു അതും അയിത്ത ജാതിക്കാരിയെ അതായിരുന്നു പ്രശ്നങ്ങൾ. ഈ പ്രശ്നങ്ങൾ ഉന്നയിച്ച് എതിർപ്പുമായി രംഗത്തുവന്നത് തിരുവിതാംകൂർകാരല്ല വിദേശ മിഷണറിമാർ തന്നെ ആയിരുന്നു എന്നതാണ് അത്ഭുതം. 1851 സെപ്റ്റംബർ 15 ന് പറയജാതിക്കാരിയെ വിദേശമിഷണറി വിവാഹം കഴിക്കുക തന്നെ ചെയ്തു. ഇന്ത്യാക്കാരുടെ ഇടയിൽ മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിച്ചിരുന്ന മിഷണറിമാർതന്നെ ഈ പുനർവിവാഹത്തെ എതിർത്തു. സഹമിഷണറിമാരുടെ കടുത്ത എതിർപ്പിനെ തുടർന്നു അദ്ദേഹം മിഷണറി സൊസൈറ്റിയിൽ നിന്നും രാജിവച്ച് ഗവ. സർവ്വീസിൽ ചേരുകയും ഗവ. പ്രസ്സ് സൂപ്രണ്ടായും പിന്നീട് സ്കൂൾ ഇൻസ്പെക്ടറായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ പുനർവിവാഹം തന്റെ ഉദ്യോഗത്തിനെന്തെങ്കിലും തടസ്സം ഉണ്ടാക്കിയതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടില്ല.

1861-ൽ റവ.ജോൺ കോക്സ് എന്ന വിദേശമിഷണറി ഈഴവ ജാതിയിൽപ്പെട്ട സ്ത്രീയെ വിവാഹം കഴിച്ചപ്പോഴും ഇതേരീതിയിൽ എതിർപ്പുമായ് സഹപ്രവർത്തകർ രംഗത്തു വന്നു. അദ്ദേഹവും രാജിവയ്ക്കേണ്ടിവന്നു പിന്നീട് ഒരു പ്ലാന്ററായി (തോട്ടം ഉടമ) ജീവിച്ചു. മിഷണറിമാരുമായി ബന്ധപ്പെട്ടുകൊണ്ടുതന്നെ അയിത്തജാതിക്കാരുടെ ഉന്നമനത്തിനായി വളരെ അധികം പണം ചെലവഴിച്ചു. എൽ.എം. എസ്സിന്റെ ഫോറിൻ സെക്രട്ടറിക്കയച്ച കത്തിൽ ചാൾസ് മീഡ് എഴുതി ''നമ്മുടെ മിഷണറിമാരിൽ ഇത്രത്തോളം ജാതിബോധമുണ്ടെന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു."

വിവാഹാനന്തരം രാജികത്തിൽ ജോൺകോക്സും എഴുതി "ഇവിടുത്തെ നാട്ടുകാരിയുമായുള്ള വിവാഹം പലരും കരുതുന്നതു പോലെ തെറ്റാണെന്നു ഞാൻ കരുതുന്നില്ല. ഒരാൾ ക്രിസ്ത്യാനി ആയിക്കഴിഞ്ഞാലും ജാതി നിലനില്ക്കുന്നത് ഖേദകരകമാണ്". ഈ മിഷണറിമാർ രണ്ടുപേരും കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ സ്വന്തം വ്യക്തി മുദ്രപതിപ്പിച്ച മഹാന്മാരാണ്. ഇന്നത്തെ ക്രൈസ്തവ മാസികകളിലും വിവാഹപരസ്യത്തിൽ രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട് പരിശുദ്ധാത്മാഭിഷേകം പ്രാപിച്ച ദൈവഭയമുള്ള യുവതി / യുവാവ് സ്വജാതിയിൽ നിന്നുതന്നെ വിവാഹാലോചന ക്ഷണിക്കുന്നത് വായിക്കുമ്പോൾ 19-ാം നൂറ്റാണ്ടിലെ മിഷണറിമാരെ ഓർത്തു പോകുന്നു. - വെറുതെ!



# വാർദ്ധക്യത്തിൽ എത്തിയവർ

**ഡോ. കുഞ്ഞുമോൻ ചാക്കോ**

"നരച്ച തല ശോഭയുള്ള കിരീടമാകുന്നു". ജ്ഞാനിയായ സോളമന്റെ വാക്കുകളാണ് ഇവ. നമ്മുടെ കവി ചങ്ങമ്പുഴയുടെ 'രമണനി'ലെ വരികളും അർത്ഥവത്താണ്.

"എങ്കിലും ചന്ദ്രികേ നമ്മൾ കാണും
സങ്കൽപ്പ ലോകമല്ലീയുലകം
പാകതയില്ലാത്ത നമ്മളേക്കാൾ
ലോകപരിചയം നേടി നേടി
സല്ലപിക്കുന്ന ഗുരുക്കളാണീ
വെള്ളിത്തലമുടി ഉള്ള കൂട്ടർ."

മുടിയുടെ നിറം മാറ്റുവാനും ഇല്ലാത്തതു വെച്ചുപിടിപ്പിക്കുവാനും കഴിയുന്ന ഇക്കാലത്ത് ആരുടേയും മുടിയുടെ നിറവും സമൃദ്ധിയും കണ്ട് പ്രായം നിശ്ചയിക്കുക വയ്യ. എങ്കിലും പ്രായവും പരിജ്ഞാനവുമുള്ളവരോടു തന്നെയാണ് നാം ഉപദേശം തേടേണ്ടത്. അവർ ദീർഘവർഷങ്ങൾ ഭൂമിയിൽ ജീവിച്ചവരാണ്. നിരവധി ജന്മദിനങ്ങൾ കഴിഞ്ഞവരാണ്. അവരിൽ അധികവും സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് അറിവും പക്വതയും നേടിയവരാണ്. അവരെ ഞാൻ ആദരിക്കുന്നു.

എന്റെ വല്യപ്പൻ (അമ്മയുടെ അപ്പൻ) 98-ാംമത്തെ വയസ്സിലാണു മരിക്കുന്നത്. അദ്ദേഹവും അമ്മയും ഞാനും എന്റെ മകൻ ബിജുവും ഒരുമിച്ചുള്ള ഒരു ഫോട്ടോ ഞങ്ങളുടെ ആൽബത്തിലുണ്ട്. ചുരുക്കം ചില നാളുകൾ കൂടി അദ്ദേഹം ജീവിച്ചിരുന്നു എങ്കിൽ ബിജുവിന്റെ മകനേയും കൂടി കാണുമായിരുന്നു. അതായത് അഞ്ചുതലമുറകൾ. അദ്ദേഹം തന്റെ പിതാമഹനേയും കണ്ടിട്ടുണ്ട്.

വല്യപ്പന്റെ അടുത്തിരുന്നു പഴയകാല കഥകൾ കേൾക്കുന്നത് എനിക്കിഷ്ടമായിരുന്നു. അദ്ദേഹവും ആ കഥകൾ പറയുമ്പോൾ ഏറെ വാചാലനാകുമായിരുന്നു. അതിശയമെന്നു പറയട്ടെ ആ പ്രായത്തിലും അദ്ദേഹം അധികം നരച്ചിരുന്നില്ല. വെളുത്ത മുടിയിഴകൾ ആ ശിരസ്സിൽ വളരെ കുറവായിരുന്നു. തികച്ചും ധന്യമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

വാർദ്ധക്യത്തിൽ എത്തിയവരോട് എനിക്കു ചില കാര്യങ്ങൾ പറയുവാനുണ്ട് എഴുപതു കഴിഞ്ഞവരെയാണ് ഞാനിവിടെ ഉദ്ദേശിക്കുന്നത്. കാരണം ഞാനും ആ വിഭാഗത്തിൽപെടുന്ന ഒരാളാണ്. അതുകൊണ്ട് നമുക്കു ഒന്നിച്ച് ഓർമ്മകൾ പുതുക്കാം, സംസാരിക്കാം, പരസ്പരം കേട്ടു കൊണ്ടിരിക്കാം.

ഏഴു പതിറ്റാണ്ടുകൾ പിന്നിട്ട നമ്മൾ എന്തെല്ലാം അനുഭവങ്ങളിൽ കൂടി കടന്നുപോയിരിക്കുന്നു! എന്തെല്ലാം കണ്ടു, കേട്ടു, അനുഭവിച്ചറിഞ്ഞു! ചിലതൊക്കെ മറന്നുപോയിരിക്കാം (മറവിയും ചില അവസരങ്ങളിൽ ഒരു ദൈവാനുഗ്രഹമാണ്) എങ്കിലും ഓർത്തു സന്തോഷിക്കാനും അഭിമാനിക്കുവാനും ഉള്ളവ എത്ര അധികമാണ്!

ഇത്രയും വർഷങ്ങൾ ഭൂമിയിൽ ജീവിക്കുവാൻ നമുക്കു കഴിഞ്ഞു. രോഗങ്ങൾക്കോ അപകടങ്ങൾക്കോ ഒന്നും നമ്മെ ഇല്ലാതാക്കുവാൻ കഴിഞ്ഞില്ല. കഴിഞ്ഞ സഹസ്രാബ്ദത്തിൽ ജനിച്ചവരാണു നമ്മൾ. ബലം വളരെ കുറഞ്ഞിട്ടുണ്ട്. ചില അസുഖങ്ങളൊക്കെ വിടാതെ പിന്നാലെ കൂടിയിട്ടുണ്ട്.

കുട്ടികൾ നമ്മെ 'കിളവൻ പ്ലസ്, പുറമടൽ, കടുംവെട്ട്' എന്നൊക്കെ രഹസ്യമായി വിളിക്കാറുണ്ട്. കാഴ്ചയും കേൾവിയും വേഗതയും കുറഞ്ഞ നമ്മെ തട്ടിയും മുട്ടിയും മാറ്റി നിർത്തിയും അവർ 'ഓവർടേക്' ചെയ്യാറുണ്ട്.

'ഇനിയെങ്കിലും അടങ്ങിയൊതുങ്ങി വീട്ടിലിരിക്കരുതോ എന്നു ചിലർ തിരിഞ്ഞു നിന്നു ചോദിക്കാറുമുണ്ട്. ഇല്ലേ? നമ്മുടെ മന്ദഗതി അവർക്കു സഹിക്കുന്നില്ല. ശരിയാണ്; നമുക്ക് പരിമിതികൾ വളരെയുണ്ട്. കാലം കഴിയുന്തോറും ആ പരിമിതികളുടെ വ്യാപ്തി കൂടിക്കൊണ്ടിരിക്കുകയുമാണ്. അതു സ്വാഭാവികം, പ്രകൃതിയുടെ അനിഷേധ്യനിയമം. എങ്കിലും ഇവിടം വരെ എത്തിച്ച ദൈവത്തോടു നമുക്കു നന്ദിയുള്ളവരായിരിക്കാം.

കഴിഞ്ഞ വർഷം വൃദ്ധരായ ചില മാതാപിതാക്കളെ ഞാൻ സന്ദർശിക്കുവാനിടയായി. അവരിൽ ഇന്ത്യയിലും വിദേശത്തുമുള്ളവർ ഉൾപ്പെടും. ചിലർ മക്കളുടെ കൂടെയാണ്. മറ്റു ചിലർ ജീവിത പങ്കാളിയെ നഷ്ടപ്പെട്ടവരാണ്. പലർക്കും പല രോഗങ്ങളും ഉണ്ട്. മിക്കവരോടും ഉള്ളു തുറന്നു സംസാരിക്കാനും അവരുടെ അവസ്ഥകളെ അടുത്തറിയുവാനും കഴിഞ്ഞു. ഒപ്പം എല്ലാവരുടേയും കൂടെ പ്രാർത്ഥിക്കുവാനും കഴിഞ്ഞു. "ഇനി നമ്മൾ തമ്മിൽ കാണുകയില്ല" എന്നു പറഞ്ഞവരുണ്ട്. "പിന്നെ കാണാം" എന്നു പറഞ്ഞു പിരിഞ്ഞവരുമുണ്ട്. ജീവിതത്തെ തിരിഞ്ഞു നോക്കി സൃഷ്ടിപരമായി പ്രതികരിച്ചവരും അല്ലാത്തവരുമുണ്ട്. പ്രശ്നങ്ങളെ മാത്രം കാണുന്നവരും സാധ്യതകളെ സംതൃപ്തിയോടെയും പ്രതീക്ഷയോടെയും കാണുന്നവരുമുണ്ട്.

ഞാൻ ഇവിടെ പലരുടേയും പ്രസ്താവനകളെ അടിസ്ഥാനമാക്കിയാണ് പലതും എഴുതുന്നത്. വ്യക്തമായ കാരണങ്ങളാൽ ആരുടേയും പേരുകൾ വെളിപ്പെടുത്തുന്നില്ല എന്നു മാത്രം.

ജീവിതത്തെ തിരിഞ്ഞുനോക്കി സംതൃപ്തിയോടെ പ്രതികരിച്ചവരാണ് നാല്പതു ശതമാനം പേർ. എന്നാൽ 50 ശതമാനം പേർ അസംതൃപ്തരാണ്, അവർക്കു പരാതികൾ മാത്രം. ഇനി ഒരു പത്തു ശതമാനം ആളുകൾ ''എന്തു പറയാനാ, എന്തായാലും ഇതെല്ലാം സഹിച്ചേ പറ്റൂ, അതുകൊണ്ട് ഇങ്ങനെ ജീവിച്ചു പോകുന്നു" എന്നു ചിന്തിക്കുന്നവരാണ്. ഒന്നോർക്കുക, നമ്മുടെ മാതാപിതാക്കൾ നമ്മെ വളർത്തി പഠിപ്പിച്ചു, നമുക്ക് ഉദ്യോഗം കിട്ടി, നാം വിവാഹിതരായി, മക്കളെ ദൈവം തന്നു, അവരും വിവാഹിതരായി, അവർക്കും മക്കളായി. ഇപ്പോൾ നാം ക്ഷീണാവസ്ഥയിലായിരിക്കാം. മനസ്സു പറയുന്നിടത്തു ശരീരം ചെല്ലുന്നില്ല. വിശപ്പു കുറഞ്ഞു. രുചിഭേദങ്ങൾ തിരിച്ചറിയാനുള്ള നാവിന്റെ കഴിവും കുറഞ്ഞു. ശരീരം ദുർബ്ബലമായി. കാഴ്ചക്കുറവു വല്ലാതെ ശല്യം ചെയ്യുന്നു. ഉറക്കവും കുറവ്. എല്ലാറ്റിനും ഉപരി മനസ്സുവല്ലാതെ പതറുന്നു. മക്കളും സ്വന്തക്കാരും വേണ്ടവിധം കരുതുന്നില്ല എന്ന ചിന്തയും ഇല്ലാതില്ല.

ഇനി ഒരു പക്ഷേ ജീവിതപങ്കാളി നഷ്ടപ്പെട്ടു പോയിരിക്കാം. എന്തൊക്കെ വന്നാലും പറയുവാനും ആശ്വസിപ്പിക്കാനും ഇതുവരെ ഒരാളുണ്ടായിരുന്നു. ഇപ്പോൾ അവശേഷിക്കുന്നത് ഏകാന്തതയും അതു നല്കുന്ന വല്ലാത്ത ശ്വാസംമുട്ടലും. എനിക്കു വേദനിക്കുന്നു എന്നു പറഞ്ഞാൽ ഒപ്പം മനസ്സുകൊണ്ടു വേദനിക്കുന്ന ഒരാൾ, തിരികെ മുറിയിൽ എത്തുമ്പോൾ കേൾക്കുവാനൊരു സ്ത്രീ ശബ്ദം അല്ലെങ്കിൽ ഒരു പുരുഷ ശബ്ദം അതു നിലയ്ക്കുമ്പോഴേ അതിന്റെ വില അറിയൂ. അവശേഷിക്കുന്ന ആളിന്റെ അവസ്ഥ വളരെ ശോചനീയം തന്നെയാണ്, സത്യം. അതുകൊണ്ടു തന്നെ 'അധികം ദുരിതം അനുഭവിക്കാതെയും ആരെയും അനുഭവിപ്പിക്കാതെയും പോയാൽ മതി' എന്നു തോന്നിത്തുടങ്ങിയിട്ടുണ്ടാകാം.

ഒരു പരിധിക്കപ്പുറം ചിന്തിച്ചാൽ സകലമനുഷ്യർക്കും ഇതു തന്നെയല്ലേ ഗതി? ഒന്നുകൂടി ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുക. കിട്ടിയ അനുഗ്രഹങ്ങളേയും നല്ല നാളുകളേയും ഓർക്കുക. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ മക്കൾ നിങ്ങളെ കരുതുന്നില്ലെന്നു തോന്നുന്നുണ്ടോ? എങ്കിൽ അല്പം ശാന്തതയോടെ ചിന്തിച്ചു നോക്കൂ. അവർക്കും പല പരിമിതികളില്ലേ? ഒന്നുകിൽ അകലെ, അല്ലെങ്കിൽ അന്യരാജ്യത്തായിരിക്കാം അവർ ജോലി ചെയ്യുന്നത്. അവരുടെ കുടുംബം, ഭാവി, മക്കളുടെ വിദ്യാഭ്യാസം ഇവയൊക്കെ സുരക്ഷിതമാക്കാനുള്ള ഓട്ടത്തിലാണവർ. അവരുടെ വിഷമങ്ങൾ നമ്മളും മനസ്സിലാക്കണം. മക്കളാരും അടുത്തില്ലാത്ത അവസ്ഥ മാതാപിതാക്കളുടെ മനസ്സിനെ വല്ലാതെ അലട്ടും. അതുറപ്പാണ്. അവരെയും കുറ്റം പറയാനാവില്ല. എന്തെങ്കിലും സംഭവിച്ചുപോയാൽ സ്വന്തമെന്നു പറയാവുന്ന ആരും കൂടെയില്ലല്ലോ. അതിന്റെ വ്യഥയും, ആധിയും അനുഭവിക്കുന്നവർക്കേ മനസ്സിലാകൂ. ചുരുക്കം ചിലരുടെ അടുക്കലെങ്കിലും അടുത്ത ബന്ധുക്കളോ ഹോംനഴ്സുകളോ ഉണ്ടാകാം. അങ്ങനെയുള്ള സൗകര്യങ്ങൾ ഉണ്ടെങ്കിൽ അതിന് അവരോടും ദൈവത്തോടും നന്ദിയുള്ളവരായിരിക്കുക.

പാശ്ചാത്യരാജ്യങ്ങളിൽ Nursing Home, Old age Home, Senior Citizens Home എന്നിങ്ങനെയൊക്കെ അറിയപ്പെടുന്ന സ്ഥാപനങ്ങളുണ്ട്. അവയിൽത്തന്നെ ഗവൺമെന്റ് നേരിട്ടു നടത്തുന്നവയും ആശുപത്രികളോ സന്നദ്ധ സംഘടനകളോ നടത്തുന്നവയുമുണ്ട്. പഞ്ചനക്ഷത്ര നിലവാരമുള്ള വൃദ്ധഭവനങ്ങൾവരെ ഞാനവിടെ കണ്ടിട്ടുണ്ട്. പെൻഷനും, സാമൂഹ്യഭദ്രതാ തുകകളും, മക്കൾ നല്കുന്ന വിഹിതവും സമാഹരിച്ചാണ് ഇത്തരം പല സ്ഥാപനങ്ങളും നന്നായി പ്രവർത്തിക്കുന്നത്. നമ്മുടെ നാട്ടിലും സമാനമായ പ്രസ്ഥാനങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നത് ഒരാശ്വാസം തന്നെയാണ്. അവയിൽ ഏറ്റവുമധികം അംഗീകാരവും പ്രചാരവും ഇന്ന് കിട്ടിക്കൊണ്ടിരിക്കുന്ന ആശയമാണല്ലോ. 'പകൽവീട്'.

കുടുംബത്തിലും സമൂഹത്തിലും ഒറ്റപ്പെടുന്നു എന്ന തോന്നൽ ഒഴിവാക്കാൻ പകൽവീടുകൾ സഹായകമാകുന്നു എന്നു പറയാതെ വയ്യ. പകൽസമയത്ത് സമപ്രായക്കാരുമായി ഒരുമിച്ചു കഴിയുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്നത് മനസ്സിനും ശരീരത്തിനും ഒരുപോലെ ഗുണം ചെയ്യും. മക്കളും കൊച്ചുമക്കളും ഓഫീസിലും സ്കൂളിലും പോകുമ്പോൾ സ്വന്തം വീടുകൾക്കുള്ളിൽ അനുഭവിക്കേണ്ടി വരുന്ന ഏകാന്തത ഒഴിവാക്കാനും പകൽ വീടുകൾ പ്രയോജനപ്പെടും.

ആശയതലത്തിൽ പകൽ വീടുകൾ ഏറെ ആകർഷകമായി തോന്നാമെങ്കിലും അവയ്ക്ക് അവയുടേതായ പരിമിതികളുണ്ട്. വൃദ്ധജനങ്ങളുടെ ആധിയും വ്യാധിയും അധികമായി കണ്ടു വരുന്നത് രാത്രികാലങ്ങളിലാണ്. ഉറക്കക്കുറവും ശാരീരികമായ അസ്വസ്ഥതകളും ഒന്നിച്ചു ചേരുമ്പോൾ രാത്രികൾ ഇവരിൽ പലർക്കും പേടിപ്പെടുത്തുന്ന ഒരനുഭവമായി മാറുന്നു. ജീവിതപങ്കാളികൂടി നഷ്ടപ്പെട്ടവരുടെ കാര്യം അതിലും ദയനീയമാണ്. പകൽ വീടുകൾ ഈ അവസ്ഥയ്ക്ക് ഒരിക്കലും ഒരു പരിഹാരമാകുന്നില്ല.

വാർദ്ധക്യം പെട്ടെന്ന് സംഭവിക്കുന്ന ഒരു അവസ്ഥയോ മാറ്റമോ അല്ല. വാർദ്ധക്യത്തിനായി ഒരുങ്ങുവാൻ ദീർഘ വർഷങ്ങൾ നമുക്കുണ്ട്. അതാതു കാലത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിരിക്കണം. സാമ്പത്തിക ഭദ്രതയാണ് അവയിൽ ഏറ്റവും പ്രധാനം. പെൻഷൻ പദ്ധതികളിലൂടെയും, ശരിയായ നിക്ഷേപങ്ങളിലൂടെയും ഇൻഷ്വറൻസ് പദ്ധതികളിലൂടെയും വരുംകാലത്തിനാവശ്യമായ വരുമാനവും സമ്പാദ്യവും ഉറപ്പാക്കുക.

''സമ്പത്തു കാലത്ത് തൈപത്തു വച്ചാൽ ആപത്തു കാലത്തു കാപത്തു തിന്നാം" എന്നു കേട്ടിട്ടില്ലേ? എനിക്കി തൊന്നും ബാധകമല്ല അല്ലെങ്കിൽ എനിക്കെന്നും നിത്യയൗവ്വനമായിരിക്കും എന്നു കരുതി ജീവിച്ചാൽ അപകടമാണ്.

60–65 വയസ്സിനു ശേഷം നീണ്ടു നില്ക്കുന്ന ധനവ്യയ ഇടപാടുകളിൽ പങ്കുചേരരുത്. ആ പ്രായമാകുമ്പോഴേക്കും നമ്മുടെ സാമ്പത്തിക ഇടപാടുകളും ബാധ്യത കളുമൊക്കെ തീർത്തിരിക്കണം. അതുപോലെ കുടുംബ സംബന്ധമായ കാര്യങ്ങൾക്കൊക്കെ ഒരു നിശ്ചിത തീരുമാനം എടുത്തിരിക്കുകയും വേണം. നിങ്ങളുടെ മക്കളിൽ പൂർണ്ണ മായും സാമ്പത്തിക ആശ്രയം വെയ്ക്ക രുത്. 'ഈശോയേ, കൊച്ചുങ്ങളുടെ കഞ്ഞികുടിക്കാൻ ഇടയാക്കരുതേ' എന്ന് ഒരിക്കൽ ഒരു മാന്യസുഹൃത്തു പ്രാർത്ഥിക്കുന്നതു ഞാൻ കേട്ടതാണ്. മാതാപിതാക്കളെ ഭംഗിയായി ശുശ്രൂഷി ക്കുകയും പരിപാലിക്കുകയും ചെയ്യുന്ന മക്കൾ ഉണ്ട്. അവർക്കാണു ദൈവം നന്മയും അനുഗ്രഹവും വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽ 'എല്ലാം അവർ നോക്കിക്കൊള്ളും' എന്നു കരുതി ജീവിക്കരുത് എന്നേ ഞാൻ പറയു ന്നുള്ളൂ. ഒരിക്കലും മക്കളുമായി മാന സികമായി അകന്നു നില്ക്കുകയുമരുത്.

നിഷ്ക്രിയത്വം മനസ്സിനും ശരീര ത്തിനും ഒരുപോലെ ദോഷമാണ്. ഏതെങ്കിലും ക്രിയാത്മകമായ കാര്യ ത്തിൽ ഏർപ്പെട്ടിരുന്നാൽ വാർദ്ധക്യം അർത്ഥസംപുഷ്ടമാകും. പുസ്തക ങ്ങൾ വായിക്കുക, ആവശ്യത്തിനു വ്യായാമം ചെയ്യുക, പ്രാർത്ഥനകളി ലൂടെ ജീവിതത്തെ ദൈവത്തോട് അടു പ്പിച്ചു നിർത്തുക. വീട്ടിലും പരിസ രത്തും നമുക്കു ചെയ്യാൻ കഴിയുന്ന ജോലികൾ ചെയ്യുക. ഇതെല്ലാം മറ്റു കുടുംബാംഗങ്ങൾക്ക് ഒരു സന്തോ ഷവും സഹായവുമാകും.

ബുദ്ധിയും ഓർമ്മയും ഒക്കെ പണിമുടക്കിത്തുടങ്ങുന്നതിനു മുൻപ് ഞാൻ നേരത്തേ പറഞ്ഞതുപോലെ കുടുംബ സംബന്ധമായ കാര്യങ്ങളി ലെല്ലാം വ്യക്തവും പൂർണ്ണവും നിയമാ നുസൃതവുമായ തീരുമാനങ്ങൾ എടു ത്തിരിക്കണം. മക്കൾ തമ്മിൽ അഭിപ്രാ യഭിന്നതകളും ശത്രുതയും ഉണ്ടാകാതി രിക്കാനും അതു തുടർന്നു നിങ്ങളെ വിഷമിപ്പിക്കാതിരിക്കാനും ആവശ്യ മായ ഒരു മുൻകരുതലാണത്. വില്പ്പത്രം എഴുതിവെയ്ക്കുക, കൊടു ക്കൽ വാങ്ങലുകൾ അവസാനിപ്പി ക്കുക, എല്ലാ കാര്യങ്ങളും വ്യക്തമായി മക്കളെ പറഞ്ഞേല്പ്പിക്കുക. കഴിയു ന്നതും അവർക്കുമുന്നിൽ കടങ്ങൾ അവശേഷിപ്പിക്കാൻ ഇടയാകരുത്.

ഞാൻ ഈ ഭൂമിയിലെ വാസം ഏതെങ്കിലും ഒരു ദിവസം അവസാനി പ്പിക്കേണ്ടിവരും എന്നറിഞ്ഞു ജീവി ക്കുക. ആരോഗ്യം ഉള്ളടത്തോളം കാലം ഒരു മുറിയിൽ ഒതുങ്ങിക്കഴിയ രുത്. ഓരോ ദിവസവും ദൈവത്തിന്റെ വരദാനമാണ്, അത് പാഴാക്കരുത്. വയ്യാ തായാലും ലോകകാര്യങ്ങൾ അറി യാനും ഇഷ്ടപ്പെട്ടവരോടും പഴയ സുഹൃത്തുകളോടും സംസാരിക്കാനും കിട്ടുന്ന അവസരങ്ങൾ നഷ്ടപ്പെടുത്ത രുത്.


## ക്രൈസ്തവ വനിതകൾക്കായി മത്സരം

**ക്രിസ്തീയ വനിതകൾക്കുവേണ്ടി 'ക്രൈസ്തവ വനിത' ഉപന്യാസ മത്സരം നടത്തുന്നു. വിഷയം: 'പുതു തലമുറയുടെ വളർച്ചയിൽ ക്രൈസ്തവ വനിതകളുടെ പങ്ക്' എന്നതാണ്. 15 വയസ്സിനു മുകളിലേക്കുള്ളവർക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. നിങ്ങളുടെ രചനകൾ നാല് ഫുൾസ്കാപ്പ് പേജിൽ കവിയരുത്. പേപ്പറിന്റെ ഒരുവശത്ത് മാത്രം വെട്ടിത്തിരുത്തലുകൾ ഇല്ലാതെ ഭംഗിയായി എഴുതി അയച്ചുതരിക. ഒന്നും, രണ്ടും സമ്മാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 500, 250 രൂപാ നല്കുന്നതാണ്. നിങ്ങളുടെ രചനകൾ ഞങ്ങൾക്ക് ലഭിക്കേണ്ട അവസാന തീയതി 20 ഏപ്രിൽ 2014. അയയ്ക്കേണ്ട വിലാസം:**

**ക്രൈസ്തവ വനിത, ഗുഡ്ന്യൂസ്**
**ആക്കുളം റോഡ്**
**തിരുവനന്തപുരം 31**
Ph: **0471- 2448079**

# Quest – 35

(ഈ ലക്കം QUEST- ലെ ചോദ്യങ്ങൾ കൊരിന്ത്യർക്കെഴുതിയ 2-ാം ലേഖനത്തിൽ നിന്നാണ്)

1 ബലഹീനനായിരിക്കുമ്പോൾ തന്നെ ഞാൻ ______________ ........................ ആകുന്നു?

2 ആര് നമ്മെ തോല്പിക്കാൻ പാടില്ല?

3 നാം ജീവനുള്ള ദൈവത്തിന്റെ എന്താണ്?

4 ദൈവഭയത്തിൽ എന്താണ് തികെച്ചുകൊള്ളേണ്ടത്?

5 കർത്താവിന്റെ ആത്മാവ് ഉള്ളേടത്ത് എന്ത് ഉണ്ട്?

6 ഞങ്ങളുടെ പോരിന്റെ ആയുധങ്ങൾ .....................അല്ല?

7 ലോഭമായി വിതയ്ക്കുന്നവൻ എങ്ങനെ കൊയ്യും?

8 ക്രിസ്തുവിലുള്ള ഒരു മനുഷ്യൻ എത്രാമത്തെ സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു?

9 എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം ആരുടെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു?

10 നിങ്ങൾ.....................ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ

11 കർത്താവിങ്കലേക്ക് തിരിയുമ്പോൾ ..................... നീങ്ങിപ്പോകും?

12 ലോകത്തിന്റെ ദുഃഖമോ എന്തുളവാക്കുന്നു?

13 ബലഹീനതയാൽ അവൻ ക്രൂശിക്കപ്പെട്ടിട്ടും എങ്ങനെ ജീവിക്കുന്നു?

14 ക്രിസ്തുവിന്റെ കഷ്ടങ്ങൾ ഞങ്ങളിൽ പെരുകുന്നതു പോലെ തന്നേ ക്രിസ്തുവിനാൽ ഞങ്ങളുടെ എന്തും പെരുകുന്നു?

15 ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ..................... ?

16 നീതിയുടെ ശുശ്രൂഷ എന്തായിരിക്കും?

17 കല്പലകയിൽ അല്ല ..................... എന്ന മാംസപ്പലകയിൽ തന്നേ എഴുതിയിരിക്കുന്നത്?

18 ദമസ്ക്കൊസിലെ രാജാവിന്റെ പേര്?

19 എവിടെ നിന്നും വന്ന സഹോദരന്മാരാണ് പൗലൊസിന്റെ മുട്ടു തീർത്തത്?

20 പ്രിയമുള്ളവരേ, സകലവും നിങ്ങളുടെ ..................... നായിട്ടത്രേ.

## Quest- 34ന്റെ ഉത്തരങ്ങൾ

| | | | | | |
|---|---|---|---|---|---|
| 1. വിശ്വസ്തത | 1 കൊരിന്ത്യർ | 4:2 | 11. 23,000 | 1 കൊരിന്ത്യർ | 10:8 |
| 2. സ്തേഫാനോസും കുടുംബവും | 1 കൊരിന്ത്യർ | 16:15 | 12.വ്യർത്ഥം | 1 കൊരിന്ത്യർ | 3:20 |
| 3. അരിഷ്ടർ | 1 കൊരിന്ത്യർ | 15:19 | 13.പ്രാകൃത മനുഷ്യൻ | 1 കൊരിന്ത്യർ | 2:14 |
| 4. ശപിക്കപ്പെട്ടവർ | 1 കൊരിന്ത്യർ | 16:22 | 14.സുവിശേഷത്താൽ | 1 കൊരിന്ത്യർ | 9:4 |
| 5. ശക്തിയിലത്രേ | 1 കൊരിന്ത്യർ | 4:20 | 15.കുഞ്ഞുങ്ങളെ | 1 കൊരിന്ത്യർ | 14:20 |
| 6. ജ്ഞാനം | 1 കൊരിന്ത്യർ | 1:22 | 16.പുരുഷൻ | 1 കൊരിന്ത്യർ | 11:7 |
| 7. ഭോഷത്വമത്രേ | 1 കൊരിന്ത്യർ | 3:19 | 17.പൗലൊസ് | 1 കൊരിന്ത്യർ | 3:6 |
| 8. പൊതുപ്രയോജനത്തിനായി | 1 കൊരിന്ത്യർ | 12:7 | 18.ആത്മികൻ | 1 കൊരിന്ത്യർ | 2:15 |
| 9. അന്യഭാഷ | 1 കൊരിന്ത്യർ | 14:22 | 19.മനുഷ്യർക്ക് | 1 കൊരിന്ത്യർ | 7:23 |
| 10.ഏകാത്മാവ് | 1 കൊരിന്ത്യർ | 6:17 | 20.ദയ | 1 കൊരിന്ത്യർ | 13:4 |

# QUEST - 34 ന്റെ
# മുഴുവൻ ശരി ഉത്തരം അയച്ചവർ

1. മേഴ്സി ജോർജ്ജ്, മണ്ണൂത്തി, തൃശ്ശൂർ
2. സൂസൻ ജോൺ, നാലാഞ്ചിറ, തിരുവനന്തപുരം
3. യോഹന്നാൻ ഏബ്രഹാം, ജോൺസ് വില്ല, തിരുവനന്തപുരം
4. എൽസി സെബാസ്റ്റ്യൻ, കിളിക്കൊല്ലൂർ, കൊല്ലം
5. ശോശാമ്മ മത്തായി, ഐവേലിൽ, നാലാഞ്ചിറ, തിരുവനന്തപുരം
6. ബ്ലസി കെ. ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
7. സി.എം. മാമ്മൻ, അണുശക്തി നഗർ, മുംബൈ
8. ലീലാ ഫ്രെഡറിക്, പുതിയങ്ങാടി, കോഴിക്കോട്
9. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
10. സൻജൂ സൂസൻ സെബാസ്റ്റ്യൻ, മന്നാറപ്പു, കളിയിക്കാവിള
11. ശാന്തമ്മ വർഗ്ഗീസ്, മഞ്ചാടി, തിരുവല്ല
12. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
13. വൽസമ്മ സാം, മരുതൂർ, തിരുവനന്തപുരം
14. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
15. ജിജി പ്രമോദ്, കാവടിത്തലയ്ക്കൽ, തിരുവനന്തപുരം
16. ഷൈനി ദേവസ്യ, മാനന്തവാടി, വയനാട്
17. മോളിക്കുട്ടി ചാക്കോ, പടിയോട്ടുച്ചാൽ, കണ്ണൂർ
18. റൗസി ജയിംസ്, പൊൻകുന്നം, തൃശ്ശൂർ
19. കനകമ്മ ലൂക്കൊസ്, കവടിയാർ, തിരുവനന്തപുരം
20. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
21. നീലിമ വിനയകുമാർ, ഫാത്തിമാപുരം, ചങ്ങനാശ്ശേരി
22. സോണി കെ.പി., അയിരനല്ലൂർ, ഇടമൺ

**(QUEST ൽ പങ്കെടുത്ത ഏവർക്കും ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ)**

Quiz Master

## പ്രത്യേക ശ്രദ്ധയ്ക്ക്

Quest 35 ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം
2014 April 20നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു
അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**
ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

*"സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന്നു ഒരു കിരീടം;
നാണം കെട്ടവളോ അവന്റെ അസ്ഥികൾക്കു ദ്രവത്വം"*
*(സദൃശ 12:4)*

# ഗുഡ് ന്യൂസ് ലൈബ്രറി




കഴിഞ്ഞ 21 വർഷങ്ങളായി ഉള്ളൂർ- ആക്കുളം റോഡിലുള്ള പ്രശാന്ത് നഗർ ജംഗ്ഷനിൽ പ്രവർത്തിച്ചു വരുന്ന ഗുഡ്ന്യൂസ് ലൈബ്രറിയിലേക്ക് ക്രൈസ്തവ വനിതയുടെ വായനക്കാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. തിങ്കൾ മുതൽ വെള്ളി വരെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 6 മണിവരെ ലൈബ്രറി പ്രവർത്തിക്കുന്നു. ആയുഷ്ക്കാല വരിസംഖ്യയായ 100 രൂപ നല്കി ലൈബ്രറിയിൽ അംഗത്വം നേടാവുന്നതാണ്. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള വിവിധ സെക്കുലർ പ്രസിദ്ധീകരണങ്ങളും, ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും വായനക്കാർക്കു ലഭ്യമാണ്. എൻസൈക്ലോപീഡിയ, ഡിക്ഷനറികൾ, ബൈബിൾ സ്റ്റഡിബുക്കുകൾ, ജീവചരിത്രങ്ങൾ, വിവിധ വേർഷനിലുള്ള ബൈബിളുകൾ മുതലായവ ലൈബ്രറിയിൽ ലഭ്യമാണ്. അത്യുത്തമമായ നിരവധി ദേശീയ, അന്തർദേശീയ ഗ്രന്ഥങ്ങൾ, മാസികകൾ, നിഘണ്ടുക്കൾ, കുട്ടികൾക്കുള്ള പുസ്തകങ്ങൾ മുതലായവ ഞങ്ങളുടെ അമൂല്യ ഗ്രന്ഥ ശേഖരത്തിൽ ഉൾപ്പെടുന്നു. വിജ്ഞാനത്തെ സ്നേഹിക്കുന്നവരും വിജ്ഞാനത്തിലൂടെ വിജയികളാകുവാനാഗ്രഹിക്കുന്നവരും അറിവിന്റെ സാഗരമായ ഞങ്ങളുടെ ലൈബ്രറി എത്രയും പെട്ടെന്ന് സന്ദർശിക്കുക.

The Librarian
Good News Library
Akkulam Road, Trivandrum - 695031
Ph: 0471- 2448079
Email : jamesmudakayam@gnmindia.org



ഗുഡ്ന്യൂസ് മിനിസ്ട്രീസിന്റെയും അമ്പൂരി അനുഗ്രഹ CDC യുടേയും സംയുക്താഭി മുഖ്യത്തിൽ ഫെബ്രുവരി 22, 2014 അമ്പൂരി CSI ചർച്ചിൽ വച്ച് നടത്തപ്പെട്ട ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് സ്കൂളിന്റെ ഗ്രാഡുവേഷൻ സർവ്വീസിൽ നിന്നുള്ള ഒരു ദൃശ്യം. (ഇരിക്കുന്നവർ- ഗുഡ്ന്യൂസിന്റെയും, CDC യുടെയും ലീഡേഴ്സ്. നില്ക്കുന്നവർ- ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സ് വിജയകരമായി പൂർത്തീകരിച്ച് ഡിപ്ലോമായും ബൈബിളും കരസ്ഥമാക്കിയവർ)